# മാലൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

*"Education is The Manifestation of The Perfection Already in Man"*

*-Swami Vivekananda*

## ഉള്ളടക്കം

ആമുഖം
മുഖ്യലക്ഷ്യങ്ങൾ
ഉപലക്ഷ്യങ്ങൾ
ചരിത്രം
സ്കൂളിന്റെ പ്രബലത
അപര്യാപ്തതകൾ
അവസരങ്ങൾ
വെല്ലുവിളികൾ
അക്കാദമിക മികവ് പ്രവർത്തനങ്ങൾ
ഭൗതിക മികവ് പ്രവർത്തനങ്ങൾ
സാമൂഹിക മികവ് പ്രവർത്തനങ്ങൾ
ഹൈസ്കൂൾ മാസ്റ്റർ പ്ലാൻ
ഹയർ സെക്കണ്ടറി മാസ്റ്റർ പ്ലാൻ
മോണിറ്ററിംഗ് &
ഫിനാൻഷ്യൽ സപ്പോർട്ട്

# ആമുഖം

കേരളത്തിന്റെ സാർവ്വത്രിക വിദ്യാഭ്യാസരീതി ലോകത്തിന് മാതൃകയാണെങ്കിലും അഖിലേന്ത്യാതലത്തിലുള്ള പരീക്ഷകളിലും മറ്റും നമ്മുടെ വിദ്യാർത്ഥികൾ പിറകോട്ടു പോകുന്നതിനെ സംബന്ധിച്ച് ദീർഘകാലമായി നാം ചർച്ച ചെയ്തുകൊണ്ടിരിക്കയാണ്. വിദ്യാഭ്യാസ മേഖലയിൽ അതിവേഗമുള്ള വിജ്ഞാനവിസ്ഫോടനമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെ സർവ്വാത്മനാ സ്വീകരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയും ഭാവിതലമുറയോടുള്ള നമ്മുടെ കർത്തവ്യവുമാണ്. അതോടൊപ്പം സമൂഹത്തിലെ പ്രതിസന്ധികളെ നേരിടാൻ പറ്റുന്ന രീതിയിലുള്ള ഇന്ദ്രിയ അനുഭവങ്ങളിലൂടെ സ്വയം ആർജ്ജിച്ചെടുക്കാൻ കഴിയുന്ന വിധത്തിൽ ഭൗതികവും അക്കാദമികവും സാമൂഹ്യവുമായ പശ്ചാത്തലങ്ങൾ രൂപപ്പെടുത്തികൊടുക്കുകയെന്നതും നമ്മുടെ കടമയാണ്. കുട്ടികളെ നന്നായി പഠിപ്പിക്കുന്നവനല്ല, മറിച്ച് കുട്ടികളെ നന്നായി അറിയുന്നവനാണ് മികച്ച അധ്യാപകൻ. അതിനാൽ ഇന്നലെവരെ സ്വീകരിച്ച പെഡഗോജി പരിജ്ഞാനത്തിനപ്പുറത്തേക്ക് ടെക്നോ പെഡഗോജി (സാങ്കേതിക വിദ്യയിലൂടെയുള്ള പഠനം) നടത്തുന്നവനാകണം അധ്യാപകൻ. അതിനാവശ്യമായ പരിശീലനങ്ങളും, ദൃശ്യമാധ്യമങ്ങളും നവമാധ്യമങ്ങളും വിദ്യാലയങ്ങളിൽ സജ്ജമാക്കണം.

വളരെ പിന്നോക്കം നിൽക്കുന്ന മലയോര പ്രദേശമാണ് മാലൂർ. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമേ കുട്ടികളുടെ പൊതുവായ കഴിവും, ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും, അതോടൊപ്പം പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഇങ്ങനെ ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച് അക്കാദമിക് വളർച്ചക്കുവേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ഒരു രേഖയാണിത്. എല്ലാവിധ അക്കാദമിക് പ്രവർത്തനങ്ങളും വിഷയബന്ധിതമായി സൂക്ഷ്മതലത്തിൽ ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## മുഖ്യലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പുവരുത്തുക.
2. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
3. സർഗ്ഗപരവും അക്കാദമികവും, മാനസികവും, കായികവുമായ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന-ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. ഇതുവഴി പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുകയും, കാലഘട്ടത്തിന് അനുയോജ്യവുമാക്കി മാറ്റുകയും ചെയ്ത് സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കുക.

## ഉപലക്ഷ്യങ്ങൾ

1. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും, ജൈവവൈവിധ്യപാർക്കായി ഉയർത്തുകയും ചെയ്യുക.
2. ആരോഗ്യകരമായ സ്ത്രീ-പുരുഷ ബന്ധത്തെക്കുറിച്ചും തുല്യതയെ കുറിച്ചും ലിംഗസമത്വത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാട് സ്കൂൾ കാലഘട്ടത്തിൽ തന്നെ ഉറപ്പുവരുത്തുക.
3. പ്രത്യേക പരിഗണനയർഹിക്കുന്നവരെ പ്രത്യേകമായെടുത്ത് പ്രോത്സാഹിപ്പിക്കുക.
4. നാട്ടിൽ ലഭ്യമായ വൈദഗ്ദ്ധ്യത്തെ കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് പരമാവധി പ്രോയോജനപ്പെടുത്തുക.
5. ഒരു ലഹരിവിമുക്ത കാമ്പസ് സൃഷ്ടിച്ചെടുക്കുക. തൊട്ടടുത്ത ജനമൈത്രീപോലീസ് സ്റ്റേഷന്റെ സഹായവും, എസ്.പി.സി.യേയും പരമാവധി പ്രയോജനപ്പെടുത്തുക.
6. പോഷകാഹാരം ഉറപ്പുവരുത്തുക.

7. പ്ലാസ്റ്റിക് രഹിത ശുചിത്വ കാമ്പസ് സൃഷ്ടിച്ചെടുത്തുകൊണ്ട് ഹരിത വിദ്യാലയമാക്കി മാറ്റുക.

8. വാർഷിക കലണ്ടറും, മാസത്തിലുള്ള പ്ലാനിങ്ങും കൃത്യതയോടെ നടപ്പാക്കിക്കൊണ്ട് പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുക.

9. ലക്ഷ്യങ്ങൾ കൈവരിക്കാൻ തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണ്ണയ പ്രക്രിയ ഉറപ്പുവരുത്തുക.

10. നമ്മുടെ വിദ്യാലയത്തെ സമൂഹത്തിന്റെ കൂടി സ്ഥാപനമാക്കി മാറ്റുക. അതുവഴി മാലൂർ പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങളുടെയും ശ്രദ്ധ പിടിച്ചുപറ്റികൊണ്ട് മുഴുവൻ കുട്ടികളെയും ഈ വിദ്യാലയത്തിലേക്കെത്തിക്കുക.

11. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പിന്തുണയും ശ്രദ്ധയും ഉറപ്പാക്കാൻ PTA, MPTA, SMC, SMDC, Class PTAകൾ മറ്റ് ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

12. നിലവിലുള്ള പോരായ്മകൾ പരിഹരിക്കാനുള്ള പുതിയ തന്ത്രങ്ങളും രീതികളും Subject Council കൂടി വിഷയാധിഷ്ഠിതമായി നടപ്പിലാക്കുക.

ചരിത്രം

മാലൂർ ഗ്രാമപഞ്ചായത്തിൽ തോലമ്പ്ര വില്ലേജിൽ ആറാം വാർഡിൽ, സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പടപൊരുതിയ ധീരനായ വീരപഴശ്ശിക്ക് അഭയം നൽകിയ പുരളിമലയുടെ താഴ്വാരത്ത് സൂര്യതേജസ്സോടെ തലയുയർത്തി നിൽക്കുന്ന മാലൂർ ഗവ: ഹയർ സെക്കന്ററി സ്കൂൾ നാട്ടുകാരുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി 1982 -ലാണ് പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിൽ മാലൂർ സിറ്റിക്കടുത്ത ആനന്ദയോഗശാലയിലാണ് ക്ലാസ്സുകൾ നടന്നിരുന്നത്. പി.സി. ചാക്കോ സംഭാവന ചെയ്ത 3 ഏക്കർ 5 സെന്റ് സ്ഥലത്ത് ഇപ്പോൾ 7 കെട്ടിടങ്ങളിലായി 13 ഹൈസ്കൂൾ ക്ലാസ്സുകളും 6 ഹയർ സെക്കന്ററി ക്ലാസ്സുകളും പ്രവർത്തിക്കുന്നുണ്ട്.

ഹൈസ്കൂൾ വിഭാഗത്തിൽ, ഈ വർഷം 471 കുട്ടികൾ പഠനം നടത്തുന്നു. ഹെഡ്മിസ്ട്രസ്, 21 അദ്ധ്യാപകർ, 4 ആഫീസ് ജീവനക്കാർ, കൗൺസിലർ, ഐ.ഇ.ഡി. റിസോർസ് ടീച്ചർ എന്നിവർ ജോലി ചെയ്യുന്നു. സ്കൂളിന്റെ വടക്കുകിഴക്കു ഭാഗത്തായി പാചകകപ്പുരയും തൊട്ടടുത്ത് ഗ്രൗണ്ടും സ്ഥിതി ചെയ്യുന്നു.

വിവിധ സബ്ജക്ട് കൗൺസിലുകളും എസ്.ആർ.ജി.യും പഠന നിലവാരം ഉയർത്താനുള്ള തീവ്ര പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. പരിസ്ഥിതി-ആരോഗ്യ-സയൻസ്-സോഷ്യൽ സയൻസ് - ഗണിത - ഹിന്ദി - ഇംഗ്ലീഷ് - ഐ.ടി.ക്ലബ്ബുകളും വിദ്യാരംഗം കലാസാഹിത്യവേദിയും ഈ വിദ്യാലയത്തിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവസാന്നിദ്ധ്യമാണ്. സ്കൂളിന്റെ നിലവാരം നിശ്ചയിക്കുന്ന എസ്.എസ്.എൽ. സി. പരീക്ഷയിൽ മികച്ച റിസൽട്ട് നേടാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 2016-17 എസ്.എസ്.എൽ.സി. പരീക്ഷയിൽ 14 കുട്ടികൾക്ക് ഫുൾ A+ ഉം 15 കുട്ടികൾക്ക് 9 A+ ഉം കിട്ടിയിട്ടുണ്ട്. എൻ.എം.എം.എസ്. സ്കോളർഷിപ്പ് പരീക്ഷയിലും ഒരു കുട്ടിക്ക് മാസത്തിൽ 500 രൂപവീതമുള്ള സ്കോളർഷിപ്പ് നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 30 കുട്ടികൾക്ക് ഉപഹാരം നൽകിക്കൊണ്ട് വിജയം 'വിജയോത്സവമാക്കി' ആഘോഷിക്കാൻ കഴിഞ്ഞു എന്നത് സ്കൂളിന് ഏറ്റവും അഭിമാനകരമായ ഒന്നാണ്.

ഹയർസെക്കന്ററി വിഭാഗത്തിൽ, കമ്പ്യൂട്ടർ സയൻസ്, ബയോളജി സയൻസ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ മൂന്ന് ബാച്ചുകളിലായി 350 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. പ്രിൻസിപ്പാളും, 13 സ്ഥിരാദ്ധ്യാപകരും, 4 ഗസ്റ്റ് അദ്ധ്യാപകരും 2 ലാബ് അസിസ്റ്റന്റ്മാരും ഉൾപ്പെടുന്നതാണ്

ഞങ്ങളുടെ കുടുംബം.

സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രവേശനം നേടുന്നത്. അവസാന അലോട്ട്മെന്റിൽ വരുന്ന ഈ വിദ്യാർത്ഥികളിൽ നിന്നും തിളക്കമാർന്ന വിജയം നേടാൻ കഴിഞ്ഞത് അഭിമാനമായി ഞങ്ങൾ കരുതുന്നു.

പാഠ്യേതര പ്രവർത്തനങ്ങളായ സ്പോർട്സ്, കലാമേള, ശാസ്ത്രമേള, വിദ്യാരംഗകലാസാഹിത്യമത്സരങ്ങൾ എന്നിവയിലെല്ലാം ഒട്ടേറെ കുട്ടികളെ പങ്കെടുപ്പിക്കാനും സബ്ജില്ല-ജില്ലാ, സംസ്ഥാന മത്സരങ്ങളിൽ സമ്മാനങ്ങൾ നേടാനും ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. Girls NCC യോടൊപ്പം കഴിഞ്ഞവർഷം Junior Red Crossഉം ഈ വർഷം SPCയും ആരംഭിച്ചതോടെ തൊട്ടടുത്ത സ്കൂളുകളിലൊന്നും ലഭിക്കാത്ത സൗഭാഗ്യമാണ് കുട്ടികൾക്ക് ലഭിച്ചിരിക്കുന്നത്. ഹെഡ്മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർ ഒറ്റക്കെട്ടായി നിന്നുകൊണ്ട് നല്ലൊരു പ്രവർത്തനം സ്കൂളിൽ നടത്തുന്നുണ്ട്. നാഷണൽ സർവീസ് സ്കീം (NSS), ASAP, സൗഹൃദക്ലബ്ബ്, കരിയർ ഗൈഡൻസ്, ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വിവിധ ക്ലബ്ബുകൾ തുടങ്ങിയവ സജീവമായി പ്രവർത്തിക്കുന്നു. ജില്ലാ-സംസ്ഥാനതല കായിക മത്സരങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കാൻ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര-പ്രവൃത്തിപരിചയ-ഐടി മേളകളിലും തിളക്കമാർന്ന വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിൽനൈപുണ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണ് ASAP. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഇൻഫർമേഷൻ ടെക്നോളജിയുടെ അടിസ്ഥാന വിവരങ്ങളും പഠിപ്പിക്കുന്ന 180 മണിക്കൂറുള്ള ഫൗണ്ടേഷൻ മോഡ്യൂൾ ഈ വിദ്യാലയത്തിൽ പഠിപ്പിക്കുന്നു.

2008 മുതൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് എൻ.എസ്.എസ്. മുന്നോട്ടു പോകുന്നു. സാമൂഹ്യസേവനത്തിലൂടെ വ്യക്തിത്വ വികാസം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്നു. തടയണ നിർമ്മാണങ്ങൾ, വൃദ്ധസദന സന്ദർശനങ്ങൾ, അഗതിമന്ദിര സന്ദർശനവും ശുചീകരണ പ്രവർത്തനങ്ങളും പ്രകൃതി പഠന ക്യാമ്പും മറ്റും വിജയകരമായി നടത്തിവരുന്നു.

ശക്തമായ പി.ടി.എ.യും മദർ പി.ടിഎ.യും സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഠനമികവ് കൈവരിക്കുന്നതിനും ഏറെ സഹായിക്കുന്നു.

### സ്കൂളിന്റെ പ്രബലത (Strength)

- സമർത്ഥരായ അധ്യാപകർ ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്.
- ശക്തമായ അക്കാദമിക പ്രവർത്തനങ്ങൾ
- സുരക്ഷിതമായ വിദ്യാലയം
- ശക്തമായ കാഴ്ചപ്പാടുകളും, ദീർഘവീക്ഷണവും ലക്ഷ്യങ്ങളും
- അർപ്പണബോധത്തോടെയുള്ള പഠനപ്രക്രിയ
- പ്രകൃതി-സൗഹൃദ അന്തരീക്ഷം

### അപര്യാപ്തതകൾ (Weakness)

- നിലവിൽ ആവശ്യത്തിന് റൂമുകളില്ല.
- ചുറ്റുമതിൽ ഇല്ല.
- സാമൂഹ്യവിരുദ്ധരുടെ ശല്യം
- സി.സി.ടി.വി. ക്യാമറ ഇല്ലാത്തത്
- സ്കൂൾ ബസ് ഇല്ലാത്തത്
- സിന്തറ്റിക് ഗ്രൗണ്ടിന്റെ അപര്യാപ്തത
- ഹൈടെക് ലാബ്, ഹൈടെക് ലൈബ്രറി എന്നിവയുടെ കുറവ്.
- സ്കൂൾ വികസന കമ്മിറ്റികളിൽ വിദ്യാർത്ഥി പ്രാതിനിധ്യക്കുറവ്
- ബഹുമുഖ പ്രതിഭകൾക്ക് ആവശ്യമായ പരിശീലനങ്ങൾ ലഭ്യമാക്കുന്നതിലുള്ള അഭാവം.

### അവസരങ്ങൾ (Opportunities)

- ഹൈടെക് നിലവാരത്തിലേക്ക് സ്കൂൾ ഉയരുമ്പോൾ ദേശീയ അന്തർദേശീയ നിലവാരത്തിലേക്ക് വിദ്യാർത്ഥികളെ ഉയർത്താൻ കഴിയും.
- സംസ്ഥാന സർക്കാർ ഗവ. സ്കൂൾ വികസനത്തിന് കൊടുക്കുന്ന പ്രാധാന്യം.
- സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പഠനപ്രക്രിയ.
- സർക്കാർ അനുവദിച്ച 3 കോടിയുടെ കെട്ടിടം പണിതീരുന്നതോടെ സ്കൂളിലെ ക്ലാസ് റൂമുകളുടെ അപര്യാപ്തതകൾ പരിഹരിക്കാൻ കഴിയും. ലാംഗ്വേജ് ലാബുകൾ, ഹൈടെക് ലൈബ്രറി മറ്റെല്ലാ സൗകര്യങ്ങളും വരുന്നതോടെ ഹൈടെക് സ്കൂളാകാനുള്ള ഒരുക്കം പൂർണമാകും.

## വെല്ലുവിളികൾ (Challanges)

- → അൺ-എയ്ഡഡ് മേഖലയിലേക്കുള്ള വിദ്യാർത്ഥികളുടെ ആകർഷണം.
- → സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശത്ത് നിന്നും വരുന്ന വിദ്യാർത്ഥികൾ

## വീക്ഷണം (Vision)

മൂല്യാധിഷ്ഠിത സെക്കണ്ടറി, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ആർജ്ജിക്കുവാനും ജീവിതത്തിലുടനീളം വൈവിധ്യവും, പുരോഗമനപരവുമായ അക്കാദമിക നിലവാരം നിലനിർത്താനും നല്ലൊരു തലമുറയെ വാർത്തെടുക്കാനുമുള്ള കേന്ദ്രമായി ഈ വിദ്യാലയം പ്രവർത്തിക്കണം.

## ദൗത്യം (Mission)

വിഭവപൂർണ്ണമായ വ്യക്തിത്വങ്ങളെ വികസിപ്പിച്ചും, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകി സാമ്പത്തികവും സാംസ്കാരികവും ആയ തനിമ വളർത്തി എടുക്കാനുള്ള ശേഷി കൈവരിക്കുക.

100% അക്കാദമിക മികവു നേടാൻ ഭൗതികമികവും ഉണ്ടായേ തീരൂ എന്ന യാഥാർത്ഥ്യത്തെ മറച്ചുവെക്കാൻ കഴിയില്ല. അക്കാദമിക മികവ് ഉയർത്തുന്നതോടൊപ്പം മറുവശത്ത് ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്താൻ 5 വർഷത്തിനുള്ളിൽ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. അതോടെ, മാലൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നിരിക്കും. എല്ലാ പരിമിതികളെയും മറികടന്നുകൊണ്ട്, ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കികൊണ്ട് മാലൂർ ഗവ: ഗഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ നമുക്കൊത്തൊരുമിച്ച് പ്രവർത്തിക്കാം.

അതിന് നല്ലൊരു മാസ്റ്റർപ്ലാൻ കൂടിയേതീരൂ- ഈ പ്ലാനിൽ അക്കാദമികം, ഭൗതികം - സാമൂഹികം എന്നിങ്ങനെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തരം തിരിക്കപ്പെടേണ്ടതുണ്ട്.

## അക്കാദമിക മികവ് പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്രപോഷണ പരിപാടി
- വായനാ പരിപോഷണം-ക്ലാസ്സ് ലൈബ്രറി
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി ആധുനികവത്കരിക്കൽ
- പ്രതിഭാ പോഷണ പരിപാടി
- നാടകക്കളരി
- ജൈവവൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ
- പഠന യാത്രകൾ
- സെമിനാറുകൾ
- കലാ-കായിക മേള
- ഐ.ടി. പരിശീലനം- കൂട്ടിക്കൂട്ടം
- ക്ലാസ്സ് പി.ടി.എ. സജീവമാക്കൽ
- സ്കൂൾ പത്രം / മാസിക
- പ്രവൃത്തി പരിചയ പഠനം
- എസ്.ആർ.ജി. ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- രചനാശില്പശാല
- അഭിമുഖങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- പോഷകാഹാര പരിപാടി
- ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
- ഭാഷാലാബ്
- ബ്ലോഗ്
- ടേം മൂല്യ നിർണയം, നിരന്തരവിലയിരുത്തൽ
- ദിനാചരണം
- കായിക പഠനം
- ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

## ഭൗതിക മികവ് പ്രവർത്തനങ്ങൾ

- ചുറ്റുമതിൽ, ഗേറ്റ്
- കളിസ്ഥലം
- ക്ലാസ്സ് മുറികൾ
- ഓഫീസ് മുറി
- സ്റ്റാഫ് മുറി
- വിശ്രമമുറി
- കമ്പ്യൂട്ടർ റൂം
- മൾട്ടിമീഡിയ റൂം
- ലൈബ്രറി
- അടുക്കള- സ്റ്റോർ
- ഡൈനിംഗ് ഹാൾ
- അസംബ്ലി ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ടോയ്‌ലറ്റ്
- ലബോറട്ടറി
- ചിത്രരചന - ആർട്ട് റൂം
- കൗൺസലർ റൂം
- വർക്ക് എക്സ്പീരിയൻസ് റൂം
- ഐ.ഇ.ഡി. റിസോർസ് റൂം
- ചരിത്ര മ്യൂസിയം
- ഓഡിറ്റോറിയം

## സാമൂഹിക മികവ് പ്രവർത്തനങ്ങൾ

- പി.ടി.എ. ശക്തിപ്പെടുത്തൽ
- എസ്.എം.സി., എസ്.എം.ഡി.സി. കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം ശക്തമാക്കൽ
- ക്ലാസ്സ് പി.ടി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ വിഭവങ്ങൾ പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ
- പ്രാദേശിക പി.ടി.എ
- ഭവന സന്ദർശനം

# അക്കാദമിക്ക്
# മാസ്റ്റർ പ്ലാൻ

## ഹൈസ്കൂൾ വിഭാഗം

മലയാളം
ഹിന്ദി
ഇംഗ്ലീഷ്
സയൻസ്
സാമൂഹ്യശാസ്ത്രം
ഗണിതം
ഡ്രോയിംഗ്
ഇൻക്ലൂസിവ് എഡ്യുക്കേഷൻ
കായികം

# മലയാളം

## മുഖ്യലക്ഷ്യങ്ങൾ

1. വൈവിധ്യമാർന്ന രീതിയിൽ ഭാഷാനുഭവങ്ങൾ വിനിമയം ചെയ്യുന്നതിന്.

2. സർഗ്ഗാത്മകരചനകളിൽ എല്ലാ കുട്ടികൾക്കും തുല്യപങ്കാളിത്തം ലഭിക്കുന്നതിന്.

3. വിശ്വമാനവികതയിലേക്ക് കുട്ടികളെ ഉയർത്തുന്നതിന്.

4. കാലഘട്ടത്തിന് അനുയോജ്യമായ സാധ്യതകൾ, മുഴുവൻ കുട്ടികൾക്കും ഫലപ്രദമായ രീതിയിൽ ലഭ്യമാക്കുന്നതിന്, രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതിന്.

5. പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ആവശ്യമായ സാമൂഹ്യ ഇടപെടലിനുള്ള ആശയവിനിമയ സാധ്യതകൾ കണ്ടെത്തുന്നതിന്.

6. നാട്ടറിവുകൾ കണ്ടെത്തുന്നതിന്.

7. പ്രകൃതിയുമായി സൗഹാർദ്ദപരമായ സഹവർത്തിത്വം സാധ്യമാക്കുന്നതിന്.

| നം. | ഉപലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1. | എല്ലാവർക്കും സർഗ്ഗാത്മക എഴുത്തും വായനയും ലഭിക്കുന്നു. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു. വായിക്കാനുള്ള പുസ്തകം, വായനക്കുറിപ്പ്, ചർച്ച, ആസ്വാദനക്കുറിപ്പ് എന്നിവ അസംബ്ലി, ബാലസഭ, ആകാശവാണി എന്നിവയിൽ അവതരിപ്പിക്കുന്നു. കഥ, കവിത, ശില്പശാല നടത്തുന്നു. ഉല്പന്നങ്ങളിൽ മികച്ചത് ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുക. മറ്റുള്ളവ ഗാലറിയിൽ പ്രദർശിപ്പിക്കുക | ദീർഘ കാലം | H M ക്ലബ് കൺവീനർ വിഷയത്തിന്റെ ടീച്ചർ | 50,000/- | H M, PTA Presi. MPTA etc. |
| 2. | ക്ലാസ് ലൈബ്രറി വികസിപ്പിക്കൽ | പുസ്തക ശേഖരണം കുട്ടികൾ, അധ്യാപകർ, PTAഅംഗങ്ങൾ, കുടുംബശ്രീകൾ എന്നിവ വഴി - പുസ്തകവണ്ടി, പുസ്തകപയറ്റ്, പുസ്തക നിധി, പുസ്തക ലോട്ടറി എന്നിങ്ങനെ വിവിധ പേരുകളിൽ ചെയ്യാം. Birthday gift ആയും ശേഖരിക്കുന്നു. | ഒരു വർഷം | ക്ലാസ് ടീച്ചർ | 5,000/- | H M, ക്ലാസ് ടീച്ചർ PTA Presi. SMDC അംഗങ്ങൾ |
| 3. | സ്കൂൾലൈബ്രറി വികസനം | Library നവീകരണം E -Library, പരിശീലനം ലഭിച്ച Librarian, Lap top കൾ, 50 പേർക്ക് ഒരുമിച്ചിരിക്കാവുന്ന Library Room. Roomൽ പത്രങ്ങൾ, ആഴ്ച പതിപ്പ്, വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്നവ, വായന സംബന്ധിച്ച പഠനങ്ങൾ എന്നിവ വയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ, ആവശ്യമായ ഫർണിച്ചറുകൾ, സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ - Projector etc. | മൂന്നു വർഷം | H M, PTA Ex. അംഗങ്ങൾ Librarian Subject Teachers | 25,000/- | H M, Library Council Members ജനപ്രതിനിധികൾ |

| നം. | ഉപലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 4. | വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ | വ്യത്യസ്ത രാജ്യങ്ങളിൽ നിലനിൽക്കുന്ന സാഹിത്യ വിഭാഗങ്ങളും മലയാള സാഹിത്യവും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ പരിശോധിക്കുന്നതിനുള്ള കഴിവ് നേടൽ. Faculty Changing പ്രശസ്ത സാഹിത്യകാരന്മാർ നിരൂപകർ തുടങ്ങിയവർ ആവശ്യമെങ്കിൽ ദ്വിഭാഷി. | 3 വർഷം (8,9,10 നെ ഒരു യൂണിറ്റായി കണ്ടുകൊണ്ട് | Library ഭാഷാധ്യാപകർ | 15,000/- | H M, തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികൾ, etc. |
| 5. | എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടൽ | കത്ത്, നോട്ടീസ്, പോസ്റ്റർ, പത്രം, ചുമരെഴുത്ത് തുടങ്ങിയ സാധാരണ എഴുത്തുകൾ പരിചയപ്പെടുത്തുന്നു. സർഗ്ഗാത്മക എഴുത്തുകളായ കഥ, കവിത നോവൽ, ലേഖനങ്ങൾ, നാടകം, നിരൂപണങ്ങൾ, എന്നീ രചനകളിൽ ഏർപ്പെടുന്നു.<br>കഥ, കവിത, തിരക്കഥ, നോവൽ, നാടകം, ലേഖനം, നിരൂപണങ്ങൾ } ശില്പശാല | 3 വർഷം (8, 9, 10) | ഭാഷാധ്യാപകൻ | 10,000/- | H M, സീനിയർ അസിസ്റ്റന്റ് |
| 6. | | ശില്പശാലയിൽ കേരളത്തിനകത്തും പുറത്തും നിന്നുള്ള സാഹിത്യകാരന്മാർ, ദളിത സാഹിത്യകാരന്മാർ, സിനിമാപ്രവർത്തകർ, നാടൻ കലാകാരന്മാർ എന്നിവരെ പങ്കെടുപ്പി ച്ചുകൊണ്ടുള്ള | 3 വർഷം (8, 9, 10) | H M, ഭാഷാധ്യാപകന് | 10,000/- | H M, PTA അംഗങ്ങൾ MPTA SMDC |

| നം. | ഉപലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 7. | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് | Inclusive educationന്റെ ഭാഗമായി പ്രത്യേകപരിഗണന അർഹിക്കുന്നവർ ക്ലാസ് മുറിയിലുണ്ട്. ക്ലാസ്മുറിയിലെ ഭാഷാ പ്രവർത്തനങ്ങൾ CWSN കുട്ടിയുടെ തലത്തിലേക്ക് ലഘൂകരിക്കുന്നു. Special Educator ടെ സഹായം തേടുന്നു. വരകൾ, വർണ്ണങ്ങൾ, ചിത്രങ്ങൾ, short filmകൾ എന്നിവയിലൂടെ കുട്ടിക്ക് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കുന്നു. പരീക്ഷകൾ ലഘൂകരിക്കണം. പൊതു ചോദ്യപേപ്പറുകളിൽ scribe നെ വയ്ക്കുന്നത് ശരിയല്ല. | | | | |
| 8. | പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം | ക്ലബ് പ്രവർത്തനത്തിന്റെ (വിദ്യാരംഗം കലാസാഹിത്യ വേദി) ഭാഗമായി ഇലഞ്ഞി, ചെമ്പകം, പ്ലാവ് തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നു. മരങ്ങൾ പ്രമേയങ്ങളായി വരുന്ന കഥകൾ, കവിതകൾ ശേഖരിക്കുന്നു. കഥയുറവിടമെന്ന രീതിയിൽ മലകൾ, പുഴകൾ എന്നിവയെഅറിയുന്നു. കഥ, കവിതയരങ്ങുകൾ സംഘടിപ്പിക്കുന്നു. ഉല്പന്നങ്ങൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കുന്നു. | 3 വർഷം (8, 9, 10) | ഭാഷാ ധ്യാപകർ സാഹിത്യ പ്രവർത്ത കർ | 15,000/- | H M, PTA സീനിയർ അസിസ്റ്റന്റ് |

| നം. | ഉപലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം | മോണിറ്ററിംഗ് |
| --- | --- | --- | --- | --- | --- | --- |
| 9. | സർഗ്ഗാത്മകത<br>നവമാധ്യമങ്ങളിൽ<br>തുല്യപങ്കാളിത്ത<br>ത്തോടെ ആവിഷ്<br>കരിക്കുന്നതിന് | ബ്ലോഗ് നിറയ്ക്കൽ യജ്ഞം<br>വിദ്യാരംഗം, SITC,<br>കുട്ടിക്കൂട്ടം എന്നിവയുടെ<br>നേതൃത്വത്തിൽ<br>കുട്ടികളുടെ രചനകൾ<br>നവമാധ്യമങ്ങളിൽ<br>പ്രസിദ്ധീകരിക്കൽ<br>School Wiki,<br>School Blog<br>എന്നിവയിൽ കുട്ടികളുടെ<br>രചനകൾ ചേർക്കുന്നു.<br>ഭിന്നശേഷിക്കാരുടെ<br>രചനകളും ഇതിൽ<br>ചേർക്കപ്പെടുന്നു.<br>Digital പത്രം<br>നിർമ്മിക്കുന്നു. | 3 വർഷം<br>തുടർ<br>പ്രവർത്തനം | ഭാഷാധ്യാ<br>പകർ,<br>പരിസ്ഥിതി<br>ക്ലബ്<br>പ്രവർത്തകർ | 5,000/- | H M,<br>Class Teacher<br>തദ്ദേശ<br>പ്രതിനിധികൾ, |
| 10. | നാട്ടറിവ് | മുത്തശ്ശിക്കൊപ്പം:<br>ഗ്രാമ്യമൊഴികൾ<br>പ്രാദേശിക ഭാഷാ നിഘണ്ടു,<br>പഴയ പാട്ടുകൾ,<br>ചലച്ചിത്രഗാനങ്ങൾ<br>സ്ഥലനാമപഠനം<br>എന്നിവ പഠിക്കുകയും<br>പരിശോധിക്കുകയും<br>ചെയ്യുന്നു. | | | | |
| | | | | | | |

# ഹിന്ദി

| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക. | **കുട്ടികളെ അറിയുക**<br>8,9 ക്ലാസ്സിലെ കുട്ടികളെ, രക്ഷിതാക്കളിൽ നിന്നും ശേഖരിക്കുന്ന proforma യിലൂടെയും 10-ാം ക്ലാസ്സിലെ കുട്ടികളെ ഗൃഹസന്ദർശനത്തിലൂടെയും മനസ്സിലാക്കുന്നു.<br>പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം മനസ്സിലാക്കുന്നു. | ജൂൺ | HM, ക്ലാസ് അധ്യാപിക | |
| | | **വായനാശീലം**<br>ഓരോ ക്ലാസ്സിലും ഹിന്ദി ലൈബ്രറി, പത്രം, മാസിക എന്നിവ ഉപയോഗപ്പെടുത്തി ആഴ്ചയിൽ ഒരു ഹിന്ദി അസംബ്ലി.<br>ഓരോ ആഴ്ചയിലും ഹിന്ദി പ്രശ്നോത്തരി.<br>'आज का शब्द' എന്ന പേരിൽ ഹിന്ദി പ്രദർശന ബോർഡ് ഓരോ ക്ലാസ്സിലും.<br>ഹിന്ദി സാഹിത്യകാരന്മാരെ പരിചയപ്പെടുക.<br>ആഴ്ചയിൽ ഒരു പുസ്തകം വായിച്ച് ടിപ്പണി തയ്യാറാക്കുക. | ഓരോ ആഴ്ചയിലും | ഹിന്ദി അധ്യാപകൻ, ഹിന്ദി ക്ലബ്, HM | 2000/- |

| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 2. | ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക. | രാഷ്ട്രഭാഷയുടെ പ്രാധാന്യം പ്രമുഖ ദിനാചരണങ്ങൾ ഹിന്ദി ക്ലാസിന്റെ നേതൃത്വത്തിൽ ക്ലാസ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. എല്ലാ വെള്ളിയാഴ്ചയും ഹിന്ദി സാഹിത്യം, പൊതുവിജ്ഞാനം അടിസ്ഥാനമാക്കി ഹിന്ദി ക്വിസ് നടത്തി വിജയികൾക്ക് അസംബ്ലിയിൽ വെച്ച് സമ്മാനം നൽകുന്നു.<br><br>ഹിന്ദി മാതൃഭാഷയുള്ള പ്രദേശത്തേക്ക് ഒരു പഠനയാത്ര സംഘടിപ്പിക്കുക. ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം, ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസ്സിലും മഹദ് വ്യക്തികളുടെ ഫോട്ടോ പ്രദർശനം.<br><br>ദേശീയ ദിനാചരണങ്ങൾ ഹിന്ദിയിൽ. | ആഗസ്ത്<br><br>മാസത്തിൽ ഒരു തവണ<br><br>ഒക്ടോബർ | ഹിന്ദി ക്ലബ്, | |
| 3. | ഹിന്ദി ഭാഷാ പഠനം രസകരവും ലളിതവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കുട്ടിയെ വിശ്വമാനവികതയിലേക്ക് ഉയർത്തുക. | ഹിന്ദി നാടകം, റോൾപ്ലേ, സ്കിറ്റ് എന്നിവയ്ക്ക് അവസരം നൽകുക. മഹദ് വ്യക്തികളെ കുറിച്ച് പഠിക്കാനും കേൾക്കാനുമുള്ള അവസരം ഒരുക്കുക. | 3 വർഷം | ഹിന്ദി ക്ലബ്, | 5000/- |

| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4. | ഹിന്ദി പഠനം കാര്യക്ഷമമാക്കുക. പ്രക്രിയാബന്ധിതവും, ശിശുകേന്ദ്രീകൃതവും, ICT അധിഷ്ഠിതവുമായ പഠനാസൂത്രണം ചെയ്യുന്നതിനും വിനിമയം ചെയ്യുന്നതിനുമുള്ള ശേഷി ആർജ്ജിച്ചെടുക്കുക. | Projector, CD, Internet എന്നിവയുടെ സഹായത്തോടെ പാഠഭാഗങ്ങൾ കൈകാര്യം ചെയ്യാനുള്ള അവസരം.<br>ഹിന്ദി രാഷ്ട്രഭാഷയായ കുട്ടികളുമായി അഭിമുഖം നടത്താനുള്ള സാഹചര്യം ഒരുക്കുക.<br>ഹിന്ദി സാഹിത്യകാരന്മാരുമായുള്ള സംവാദം | 1 വർഷം | ഹിന്ദി അധ്യാപിക<br>ക്ലാസ്സ് ടീച്ചർ<br>H M | |
| 5. | ഹിന്ദി ഫെസ്റ്റ് | അവധിക്കാലത്ത് മൂന്നോ നാലോ ദിവസം ഹിന്ദി സാഹിത്യകാരന്മാരെ പങ്കെടുപ്പിക്കുക.<br>ഹിന്ദി കവിത, കഥാ രചനകളിൽ അഭിരുചിയുള്ളവരെ കണ്ടെത്തി കലോത്സവത്തിൽ പങ്കെടുപ്പിക്കുക. | 1 വർഷം | ഹിന്ദി അധ്യാപിക<br>ക്ലാസ്സ് ടീച്ചർ<br>H M | 10000/- |

# ENGLISH

## മുഖ്യലക്ഷ്യം : LSRW & Communication

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടിയെ അറിയാൻ | 1) 8,9 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രത്യേകം തയ്യാറാക്കിയ Performa നൽകി അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നു.<br>2) 10-ാം തരത്തിലെ കുട്ടികളുടെ വീടുകൾ സന്ദർശിച്ച് അവരുടെ പഠനനിലവാരവും പ്രശ്നങ്ങളും മനസ്സിലാക്കുന്നു. | June | Class Teacher & English Teacher | 1000/- |
| 2. | Pre-test ഉം Post test ഉം നടത്തുന്നു | 1) കുട്ടിയുടെ പഠനനിലവാരം വിലയിരുത്താൻ Pre test നടത്തുന്നു.<br>2) പരിഹാര ബോധനം നടത്തുന്നു ആവശ്യമായ സാമഗ്രികളും, പ്രവർത്തനങ്ങളും സജ്ജമാക്കുന്നു.<br>3) Post-test നടത്തി നിലവാര നിർണ്ണയം നടത്തുന്നു. | June July | Subject Council | 1000/- |
| | | ഇംഗ്ലീഷ് അസംബ്ലി | | | |
| 3. | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുകയും മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു ഓരോ ക്ലാസ്സും ഓരോ ആഴ്ച ചുമതല ഏറ്റെടുക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | English Teachers | |
| | | ഇംഗ്ലീഷ് ഡയറി | | | |
| 4. | ഉപമേഖല<br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഇംഗ്ലീഷ് ഭാഷാപഠനം<br>ദിവസവും സ്കൂളിലും, വീട്ടിലും നടക്കുന്ന സംഭവങ്ങൾ ഡയറിയിൽ കുറിക്കുന്നു.<br>(8,9,10 ക്ലാസ്സുകൾക്ക്) | ആഴ്ചയിൽ 5 ദിവസം | English Teachers | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | **Drama Theatre** | | | |
| | ഉപമേഖല | ഇംഗ്ലീഷ് ഭാഷ | | | |
| 5. | ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | Skit, Conversation, drama etc. ഇംഗ്ലീഷ് ഭാഷയിൽ സദസ്സിനു മുമ്പാകെ അവതരിപ്പിക്കാൻ | പ്രതിമാസ പരിപാടി | HM / Eng Teachers English Club | 2000/- |
| | | **Language Lab & Liabrary** | | | |
| | ഉപമേഖല | ഇംഗ്ലീഷ് ഭാഷ | | | |
| 6. | Listening and Reading | ശ്രവ്യ - ദൃശ്യാനുഭവങ്ങൾ ഭാഷാ -lab ലൂടെ പ്രാവർത്തികമാക്കുന്നു. | 5 - 10 Years | P T A Eng. Trs | 1000000/- |
| | | **ICT and Process based** | | | |
| 7. | Planning lessons | ICT സാധ്യതയിലൂടെ പ്രാവർത്തികമാക്കുന്നു. | 1 Year | English Teachers | |
| | | ഇംഗ്ലീഷ് ബുള്ളറ്റിൻ | | | |
| | ഉപമേഖല | ഇംഗ്ലീഷ് സർഗ്ഗാത്മകരചന | | | |
| 8. | ഇഗ്ലീഷ് സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും എന്തെങ്കിലും വിഷയം അടിസ്ഥാനമാക്കി ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>September : Onam | പ്രതിമാസ പരിപാടി | English Teachers English Club | 5,000/- |
| | | ഇംഗ്ലീഷ് ഫെസ്റ്റ് | | | |
| 9. | ഉപമേഖല<br>വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും ശേഷി നേടൽ | ഇംഗ്ലീഷ് പഠനം<br>മധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ്. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | Subject Council, Eng. Trs. P T A | 10,000/- |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | പേര് : | ഇംഗ്ലീഷിൽ കത്തെഴുത്ത് | | | |
| | ഉപമേഖല : | ഇംഗ്ലീഷ് പഠനം | | | |
| 10. | ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | English Teacher | പ്രതിവർഷം 10,000/- |
| | പേര് : | ഇംഗ്ലീഷ് ചാറ്റിംഗ് | | | |
| | ഉപമേഖല : | ഇംഗ്ലീഷ് പഠനം | | | |
| 11. | ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശരാജ്യങ്ങളിൽ സമാന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി skype മുഖേന ഇംഗ്ലീഷിൽ ആശയവിനിമയം | മാസത്തിൽ ഒന്നുവീതം | Eng. Trs | |
| | പേര് : | വിവർത്തനം | | | |
| | ഉപമേഖല : | ഇംഗ്ലീഷ് പഠനം | | | |
| 12. | വ്യാകരണത്തിലും, സാഹിത്യത്തിലും ശേഷി നേടൽ | ലളിതമായ മലയാള പുസ്തകങ്ങൾ ഇംഗ്ലീഷിലേക്ക് ആശയം ചോർന്നു പോകാതെ വിവർത്തനം ചെയ്യൽ | വർഷത്തിൽ 2 പുസ്തകം | English Teachers | 20,000/- |
| | പേര് : | ഗ്രാമർ സ്കൂൾ | | | |
| | ഉപമേഖല : | ഇംഗ്ലീഷ് ഭാഷാപഠനം | | | |
| 13. | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാൻ കഴിവുനേടാൻ | ഇംഗ്ലീഷ് ഗ്രാമറിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ്സ് | English Teachers | 5,000/- |
| | പേര് : | **Shop-visit / home-visit** | | | |
| | ഉപമേഖല : | ഇംഗ്ലീഷ് ഭാഷാപഠനം | | | |
| 14. | ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും തെറ്റില്ലാതെ എഴുതാനും ശേഷി നേടൽ | മുൻകൂട്ടി തയ്യാറാക്കിയ മാതൃഭാഷയിലുള്ള ചോദ്യാവലിയുമായി Shop / home visit ചെയ്യുന്നു. ക്ലാസ്സിൽ അവ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | പ്രതിവർഷം ഒന്ന്. | English Club | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | പേര് : | ഇംഗ്ലീഷ് കോർണർ | | | |
| | ഉപമേഖല : | ഇംഗ്ലീഷ് പഠനം | | | |
| 15. | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കാണാവുന്ന വിധത്തിൽ പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | English Club | 2,000/- |
| | പേര് : | News Reading | | | |
| | ഉപമേഖല : | ഇംഗ്ലീഷ് പഠനം | | | |
| 16. | ഒഴുക്കോടെ വായന പ്രോത്സാഹിപ്പിക്കലും vocabulary empowerment സാധ്യമാക്കലും | Language lab ൽ പ്രമുഖരുടെ English വാർത്താവായന കേൾക്കാൻ അവസരം ഒരുക്കുന്നു. പ്രമുഖ ഇംഗ്ലീഷ് ദിനപത്രങ്ങൾ വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നു | പ്രതിമാസ പരിപാടി | Eng. Trs<br>Eng. Club | |
| | പേര് : | Walk & Talk | | | |
| | ഉപമേഖല : | ഇംഗ്ലീഷ് ഭാഷാപഠനം | | | |
| 17. | ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രോത്സാഹനം നൽകൽ | ഇംഗ്ലീഷ് അനായാസമായി സംസാരിക്കുന്ന മുതിർന്നവരോടൊപ്പം Walk & Talk | പ്രതിമാസ പരിപാടി | Eng. Trs<br>Eng. Club | |
| | പേര് : | Cinema & Documentary | | | |
| | ഉപമേഖല : | സർഗ്ഗാത്മക പ്രവർത്തനം | | | |
| 18. | സർഗ്ഗാത്മകവാസന പ്രോത്സാഹിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഭാഗങ്ങളുടെ Documentaryകളും Short Filmകളും നിർമ്മിക്കുന്നു. | പ്രതിവർഷം 2 എണ്ണം | Eng. Club<br>Experts | 2,00,000/- |

# സയൻസ്

## ആമുഖം

നിരന്തര അന്വേഷണങ്ങളിലൂടെയും തുടരന്വേഷണങ്ങളിലൂടെയുമാണ് ശാസ്ത്രവികാസം. പരീക്ഷണങ്ങളും നിരീക്ഷണങ്ങളും ശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകളെ അനന്തതയിലേക്ക് നയിക്കുന്നു. നിരീക്ഷണത്തിനും പരീക്ഷണത്തിനും അവസരം നൽകി അത് പരമാവധി പ്രയോജനപ്പെടുത്തണം. കുട്ടികളുടെ ശാസ്ത്രീയമായ കഴിവ് വളർത്തിയെടുക്കാൻ നാം പ്രേരിപ്പിക്കണം.

ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ചുറ്റുപാടിനെ നിരീക്ഷിക്കുവാനും വിശകലനം ചെയ്യുവാനും അന്വേഷണങ്ങളിലൂടെ പുതിയ കണ്ടെത്തലുകൾ നടത്തുവാനും പ്രചോദനം നൽകണം.

## അക്കാദമിക ശാസ്ത്രപഠന പ്രശ്നങ്ങൾ

1. 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ച പ്രകാരമുള്ള ആശയങ്ങൾ ഉൾക്കൊള്ളാനുള്ള ശേഷി കൈവരിച്ചിട്ടില്ല.
2. എല്ലാ കുട്ടികളുടെയും ഗ്രഹിക്കാനുള്ള ശേഷിയും കഴിവും വ്യത്യസ്തമാണ്.
3. വ്യത്യസ്ത തലങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളെ തരം തിരിക്കേണ്ടതുണ്ട്.
4. നിരീക്ഷണത്തിനും പരീക്ഷണത്തിനും അവസരം നൽകി സ്വയം കണ്ടെത്തുവാനുള്ള അവസരമൊരുക്കണം.
5. പരിമിതികളുള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് പാഠഭാഗങ്ങൾ ക്രമീകരിക്കണം.
6. ശാസ്ത്രപഠനത്തിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കണം.
7. പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് പഠനം ക്രമീകരിക്കേണ്ടതുണ്ട്.

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | 'എന്റെ കുട്ടി' എന്ന പ്രവർത്തനത്തിലൂടെ കുട്ടികളെ അറിയുക. | 8, 9, 10 | 8,9 ക്ലാസുകളിലെ കുട്ടികളെ, രക്ഷിതാക്കളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അറിയുന്നു. 10 - ാം ക്ലാസിലെ കുട്ടികളെ, ഗൃഹസന്ദർശനത്തിലൂടെയും അടുത്തറിയുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | |
| 2. | ശാസ്ത്രലാബിനെ നവീകരിക്കൽ | | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | ജൂൺ | സയൻസ് ക്ലബ് | |
| 3. | പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസും നൽകൽ. | 8, 10 | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന 8,9 ക്ലാസ്സിലെ കുട്ടികൾക്കായി വൈകുന്നേരങ്ങളിലും ഒഴിവു ദിനങ്ങളിലും പ്രത്യേക പരിശീലനക്ലാസുകൾ സംഘടിപ്പിക്കൽ. | ജൂൺ മുതൽ | സയൻസ് ടീച്ചർ | |
| 4. | ശാസ്ത്രപഠനം രസകരമാക്കാൻ (പഠനയാത്ര) | 8, 9, 10 | NMMS, ഫീൽഡ് ട്രിപ്പ് Talent Search, സയൻസ് പാർക്ക് സന്ദർശനം, പയ്യന്നൂരിലുള്ള വാന നിരീക്ഷണ കേന്ദ്രം. | പ്രതി വർഷം ഒന്ന് | സയൻസ് ക്ലബ് | 18000/- |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയ ളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 5. | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | 8, 9, 10 | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തൽ (ശില്പശാല) | വർഷത്തിൽ ഒരു തവണ സെപ്തംബർ അവസാനം | സയൻസ് ക്ലബ് | 15000/- |
| 6. | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | 8, 9, 10 | ക്ലാസ് പി.ടി.എ. കുട്ടികളുടെ പഠന നിലവാരവും മറ്റ് കാര്യങ്ങളും ചർച്ച നടത്താൻ | പ്രതി മാസ പരിപാടി | ക്ലാസ് ടീച്ചർ സബ്ജക്ട് ടീച്ചർ | |
| 7. | ശാസ്ത്രീയ സമീപനത്തിലൂടെ പാഠഭാഗങ്ങൾ മനസ്സിലാക്കൽ. ICT സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട്. | 8, 9, 10 | ഓരോ യൂണിറ്റിലും വേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും ലഘുപരീക്ഷണങ്ങളിലൂടെ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക. | 1 വർഷം | സയൻസ് ടീച്ചർ | |
| 8. | സയൻസ് കോർണർ തയ്യാറാക്കൽ | 8, 9, 10 | ഓരോ ക്ലാസ്സിലും പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു സയൻസ് കോർണർ സജ്ജീകരിക്കൽ, സയൻസ് പുസ്തകങ്ങൾ ക്രമീകരിക്കൽ. | ജൂൺ | സയൻസ് ടീച്ചർ പി.ടി.എ. | 15000/- |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 9. | സാമൂഹ്യ പ്രാധാന്യമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ നടപ്പാക്കൽ | 8, 9, | • ഔഷധ സസ്യോദ്യാനം, പച്ചക്കറി തോട്ട നിർമ്മാണം<br>• ജൈവപേന<br>• കടലാസ്, തുണി ഉപയോഗിച്ച് കവർ നിർമ്മാണം<br>• സസ്യങ്ങളിൽ ശാസ്ത്രനാമം പതിക്കൽ, ശാസ്ത്രനാമ ഡയറക്ടറി (ICT)<br>• സോപ്പ്, ചോക്ക്, ചന്ദനത്തിരി, മെഴുകുതിരി എന്നിവ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നു. | ജൂൺ<br>ജൂലൈ<br>•<br>ഒക്ടോബർ നവംബർ | S.R.G.<br>പരിസ്ഥിതി ക്ലബ്<br>സയൻസ് ക്ലബ്<br>• | 20000/-<br>5000/-<br>25000/- |
| 10. | പോഷകപൂർണമായ ആഹാരം ആരോഗ്യമുള്ള ശരീരത്തിന് | 8, 9, 10 | എല്ലാ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | H M ടീച്ചേർസ് പി.ടി.എ. | 100000/- |
| 11 | ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ (CWSN) | | ക്ലാസ്സുകൾ, സംവാദം, സെമിനാർ, ശാസ്ത്രക്വിസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ ശാസ്ത്രദിനാചരണം സംഘടിപ്പിക്കുക. | പ്രതിമാസ പരിപാടി | സയൻസ് ക്ലബ് | 10000/- |
| 12. | പ്രകൃതിയെ അടുത്തറിയാൻ | 8, 9, 10 | ജൈവവൈവിധ്യപാർക്ക് നിർമ്മാണം, കാവുകൾ, വന്യജീവി സങ്കേതങ്ങൾ എന്നിവ സന്ദർശനം | ജൂൺ നവംബർ | S.R.G. പരിസ്ഥിതി ക്ലബ് | 10000/- |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 13. | അയൽപക്ക കൂട്ടായ്മ | | തടയണ നിർമ്മാണം, ജൈവ വേലി നിർമ്മിക്കൽ എന്നിവ പഠനത്തിൽ പ്രാദേശിക ബന്ധങ്ങളും സഹകരണങ്ങളും ഉറപ്പാക്കുന്നതിന് കുട്ടികളുടെ ഗ്രാമക്കൂട്ടം രൂപീകരിക്കൽ. | നവംബർ ഡിസംബർ<br>ജൂൺ | സയൻസ് ക്ലബ്<br>പി.ടി.എ. | 15000/- |
| 14. | കുട്ടികളും രക്ഷിതാക്കളും നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ | | ഗ്രാമക്കൂട്ടത്തിൽ അനുയോജ്യമായ ഇടത്ത് പഠനവീട് എന്ന ആശയം നടപ്പിലാക്കുക. | ജൂലൈ | പി.ടി.എ. | |
| 15 | ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | 8, 9, 10 | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | പരിസ്ഥിതി ക്ലബ് | 25000/- |

# സാമൂഹ്യശാസ്ത്രം

**ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ പൗരബോധം, ദേശീയത, മൂല്യങ്ങൾ, മാനവികത, സാമൂഹ്യബന്ധം എന്നിവ വളർത്തുന്നു.

2. സമൂഹത്തിന്റെ എല്ലാ മേഖലയിലും ശാസ്ത്രീയമായ നിരീക്ഷണ പാടവം വളർത്തുന്നു.

3. ഓരോ ക്ലാസ്സിൽ നിന്നും കുട്ടികൾ പഠനനേട്ടങ്ങൾ കരസ്ഥമാക്കുകുയും, നേടിയെടുത്ത ശേഷികൾ പ്രകടിപ്പിക്കാൻ അവസരം ഒരുക്കുന്നു.

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭൂപട പഠനം | 8, 9, 10 | കേരളം, ഇന്ത്യ - ഭൂപട നിർമ്മാണം (തീമാറ്റിക്) (മാസത്തിൽ ഒന്ന് വീതം അറ്റ്ലസ് നിർമ്മാണം ഗ്ലോബ് നിരീക്ഷണം - (വൻകരകൾ, സമുദ്രങ്ങൾ, രാജ്യങ്ങൾ, തലസ്ഥാനം മുതലായവ) ചാർട്ടിൽ രേഖപ്പെടുത്തി ക്ലാസ്സിൽ പതിക്കുന്നു. | ജൂൺ - മാർച്ച് | സബ്ജക്ട് കൗൺസിൽ | 5000/- (SS club) |
| 2. | ജനാധിപത്യ ബോധം വളർത്തൽ | 8, 9, 10 | മോക്ക് പാർലമെന്റ്, സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്, സംവാദം, ചർച്ച (ത്രിതല പഞ്ചായത്തുകൾ) വിദഗ്ദ്ധരെ കൊണ്ടുള്ള ക്ലാസ്സുകൾ, ഗ്രാമസഭയുടെ പ്രാധാന്യം മനസ്സിലാക്കാൻ ചർച്ച; ജീവിതത്തിൽ ജനാധിപത്യത്തിനുള്ള പ്രാധാന്യം - സംവാദം - തുടർന്ന് മോക്ക് ഗ്രാമസഭ - സ്കൂളിൽ സംഘടിപ്പിക്കുന്നു. | ജൂൺ, ജൂലായ് | സബ്ജക്ട് കൗൺസിൽ PTA | 10000/- PTA ജില്ലാ പഞ്ചായത്ത് |
| 3. | പൗരബോധം വളർത്താൻ മാനവികതാ ബോധം വളർത്താൻ | 8, 9, 10 | ആശുപത്രി ശുചീകരണം, വൃദ്ധസദനം സന്ദർശിക്കൽ, സഹായം നൽകൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ. | ജൂൺ - ഡിസംബർ | സബ്ജക്ട് കൗൺസിൽ PTA | 5000/- Sponser പൂർവ്വ വിദ്യാർത്ഥികൾ PTA |
| 4. | പ്രാദേശിക ചരിത്രം അറിയൽ | | പ്രാദേശിക ചരിത്രരചന ശില്പശാല ഫീൽഡ്ട്രിപ്പ്, അഭിമുഖം IT അധിഷ്ഠിതപഠനം | ജൂൺ, ജൂലായ്, ആഗസ്ത് | സബ്ജക്ട് കൗൺസിൽ SMDC | 2500/- ജില്ലാ പഞ്ചായത്ത് |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | ചരിത്ര മ്യൂസിയ നിർമ്മാണം | 8, 9, 10 | ചരിത്ര വസ്തുക്കളുടെ ശേഖരണം, പ്രദർശനവും (പഴയകാല ഉപകരണങ്ങൾ, വിത്തുകൾ, പാത്രങ്ങൾ മുതലായവ)<br>IT അധിഷ്ഠിതപഠനം | 3 വർഷം | സബ്ജക്ട് കൗൺസിൽ SMC, പൂർവ്വ വിദ്യാർത്ഥികൾ SRG | 25000/- ജില്ലാ പഞ്ചായത്ത് + രക്ഷിതാക്കൾ |
| 6. | സോഷ്യൽ സയൻസ് ലാബ് നിർമ്മാണം | 8, 9, 10 | പഠനോപകരണങ്ങൾ നിർമ്മിക്കാൻ ശില്പശാല, ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ശേഖരിക്കൽ<br>IT അധിഷ്ഠിതപഠനം | ജൂൺ - മാർച്ച് | സബ്ജക്ട് കൗൺസിൽ SRG, PTA, SS Club | 10000/- Tours Sponser |
| 7. | പരിസ്ഥിതി സംരക്ഷണം | 8, 9, 10 | വിവിധ ഉദ്യാന നിർമ്മാണം, പ്ലാസ്റ്റിക്കിനെതിരെ ബോധവൽക്കരണം, ജൈവപച്ചക്കറിതോട്ട നിർമ്മാണം, ശുദ്ധ ജല സംരക്ഷണം<br>IT അധിഷ്ഠിതപഠനം | ആവശ്യമായ സമയത്ത് | സബ്ജക്ട് കൗൺസിൽ | 5000/- PTA ജില്ലാ പഞ്ചായത്ത് |
| 8. | സമ്പാദ്യശീലം വളർത്തൽ | 8, 9, 10 | ബേങ്ക് സന്ദർശനം, ബാങ്ക് മാനേജരുടെ ക്ലാസ്, നിക്ഷേപം ആരംഭിക്കൽ. | ജൂലായ് - ആഗസ്ത് | സബ്ജക്ട് കൗൺസിൽ SRG | 1000/- Sponser SS Club |
| 9. | പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | 8, 9, 10 | മാസാന്ത്യ ക്വിസ്, ദിവസേനയുള്ള പത്രവായന, പത്ര ക്വിസ് (week), ഉപന്യാസ രചന (monthly), ആൽബം നിർമ്മിക്കൽ (1 year)<br>IT അധിഷ്ഠിതപഠനം | ജൂൺ - ഫെബ്രുവരി | സബ്ജക്ട് കൗൺസിൽ | 2000/- Sponser പൂർവ്വ വിദ്യാർത്ഥികൾ |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 10. | ദിനാചരണങ്ങൾ | 8, 9, 10 | ചർച്ച, സെമിനാർ, മരം വെച്ച് പിടിപ്പിക്കൽ, മാസിക നിർമ്മാണം, വിവിധ മത്സരങ്ങൾ. IT അധിഷ്ഠിതപഠനം | ആവശ്യമായ സമയത്ത് | സബ്ജക്ട് കൗൺസിൽ | 2000/- SS Club |
| 11. | റിസൽട്ട് മെച്ചപ്പെടുത്തൽ | 10 | ഡിസംബറിന് മുമ്പ് പാഠഭാഗങ്ങൾ പൂർത്തിയാക്കുക. യൂണിറ്റ് പരീക്ഷകൾ, ക്ലാസ്സ് പി.ടി.എ., ഗൃഹസന്ദർശനം, കൗൺസലിംഗ്, IT അധിഷ്ഠിതപഠനം, Question Paper discussion, റിവിഷൻ, IED റിസോർസ് അധ്യാപകന്റെ സഹായം, വിദഗ്ദ്ധരുടെ ക്ലാസ്സ്, ക്യാമ്പുകൾ. | ജൂൺ - മാർച്ച് | സബ്ജക്ട് കൗൺസിൽ SMDC | 5000/- PTA ജില്ലാ പഞ്ചായത്ത് |
| 12. | ഓരോ ക്ലാസ്സിൽ നിന്നും കുട്ടികൾ പഠനനേട്ടങ്ങൾ കരസ്ഥമാക്കുകയും നേടിയെടുക്കുന്ന ശേഷികൾ പ്രകടിപ്പിക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. | 8, 9, 10 | സാമൂഹ്യ ശാസ്ത്ര വിഷയത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് ക്ലാസ്സിൽ പ്രി- ടെസ്റ്റ് നടത്തി പ്രത്യേക പരിശീലനം, ക്ലബ് രൂപീകരണം, പത്രവായന | ജൂൺ | സബ്ജക്ട് കൗൺസിൽ | 500/- SRG |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | | ലോകജനസംഖ്യാദിനത്തോട നുബന്ധിച്ച് മാനവ വിഭവ ത്തിന്റെ പ്രാധാന്യം<br>• സെമിനാർ - ചർച്ച<br>• ദിവസവും പത്രവായന | ജൂലൈ | സബ്ജക്ട് കൗൺസിൽ | 1000/- SRG, SS Club |
| | | | യുദ്ധവിരുദ്ധ മനോഭാവം കുട്ടികളിൽ ഉണ്ടാക്കുന്നതിന് ക്ലാസ്സടിസ്ഥാനത്തിൽ യുദ്ധ ത്തിന്റെ ഭീകരതയെക്കുറിച്ച് ഒരു യുദ്ധവിരുദ്ധ കൊളാഷ് നിർമ്മാണ മത്സരം<br>• ക്വിസ് മത്സരം - സ്വാതന്ത്ര്യ ദിനത്തിൽ<br>• സ്വാതന്ത്ര്യസമരനായകന്മാ രുടെ ഫോട്ടോശേഖരണം<br>• ദിവസവും പത്രവായന | ആഗസ്ത് | സബ്ജക്ട് കൗൺസിൽ | 500/- SRG, SS Club |
| | | | ഓസോണിന്റെ പ്രാധാന്യം, ലക്ഷ്യം, ശോഷണം എന്നിവ യെക്കുറിച്ച് ചർച്ച<br>• വ്യവസായശാല സന്ദർശനം<br>• ദിവസവും പത്രവായന | സെപ്തം ബർ | സബ്ജക്ട് കൗൺസിൽ | 500/- SRG, SS Club |
| | | | ഗാന്ധിജിയെ അറിയാൻ | ഒക്ടോ ബർ | സബ്ജക്ട് കൗൺസിൽ | |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | 8, 9, 10 | ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജിയുടെ പങ്ക് - സമരരീതികൾ മാസിക നിർമ്മാണം പയ്യന്നൂർ ഉപ്പ് സത്യഗ്രഹം നടന്ന ഉളിയടത്ത് കടവ് സന്ദർശനം - ദിവസവും പത്രവായന IT അധിഷ്ഠിതപഠനം | ഒക്ടോബർ | സബ്ജക്ട് കൗൺസിൽ | 2000/- Sponser SS Club |
| | | 8, 9, 10 | ശിശുദിനത്തോടനുബന്ധിച്ച് ജവഹർലാൽനെഹ്റുവിന്റെ കാഴ്ചപ്പാട് ഇന്ത്യയെക്കുറിച്ച് - ശാസ്ത്രസാങ്കേതിക ആണവ ബഹിരാകാശ വിദ്യാഭ്യാസ മേഖലയിൽ - ക്ലാസ്സ് ദിവസവും പത്ര വായന IT അധിഷ്ഠിതപഠനം | നവംബർ | സബ്ജക്ട് കൗൺസിൽ | 1000/- Sponser SS Club |
| | | 8, 9, 10 | ലോകഎയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണം മനുഷ്യാവകാശദിനത്തോടനുബന്ധിച്ച് മനുഷ്യാവകാശ ലംഘനം - കൊളാഷ് നിർമ്മാണം - ക്ലാസ്സടിസ്ഥാനത്തിൽ ദിവസവും പത്രവായന IT അധിഷ്ഠിതപഠനം | ഡിസംബർ | സബ്ജക്ട് കൗൺസിൽ | 500/- |
| | | | ചരിത്രപ്രധാനമായ കണ്ണൂർ, തലശ്ശേരി ബേക്കൽ കോട്ടകൾ | | | |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | | 8, 9, 10 | ഫീൽഡ് ട്രിപ്പ്<br>ദിവസവും പത്രവായന | ജനുവരി | സബ്ജക്ട് കൗൺസിൽ | 5000/-<br>SS Club |
| | | 10 | പത്താം ക്ലാസ്സിലെ കുട്ടികൾക്ക് പരീക്ഷാപേടിയകറ്റാൻ കൗൺസലിംഗ് - സബ്ജക്ട് വിദഗ്ദ്ധരുമായി വീഡിയോ കോൺഫറൻസ് | ഫെബ്രുവരി | സബ്ജക്ട് കൗൺസിൽ | 5000/-<br>PTA |
| | ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | 8, 9, 10 | സമകാലിക പ്രസക്തിയുള്ള സാമൂഹിക വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, ചാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കുന്നു.<br>IT അധിഷ്ഠിതപഠനം | മാസത്തിൽ ഒന്ന് വീതം | SS Club | 10000/-<br>സബ്ജക്ട് കൗൺസിൽ, ജില്ലാ പഞ്ചായത്ത് |
| | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | 8, 9, 10 | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് പഠനയാത്ര. | വർഷത്തിൽ 2 | SRG<br>SS Club | 20000/-<br>SS Club |

| ക്രമ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് (ക്ലാസ്) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| | പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | 8, 9, 10 | സാമൂഹ്യശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കൽ IT അധിഷ്ഠിതപഠനം | ഓരോ ടേമിലും ഒന്ന് വീതം അവധി ദിവസങ്ങളിൽ | സബ്ജക്ട് കൗൺസിൽ SS Club | 5000/- PTA SRG SS Club |
| | ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ നേരിടുന്ന വിദ്യാർത്ഥികളെ ഉയർത്തിക്കൊണ്ടുവരാൻ | 8, 9, 10 | IED റിസോഴ്സ് ടീച്ചറുടെ സഹായം - പ്രത്യേക പരിഗണന. വൈകുന്നേരങ്ങളിൽ പിയർ ഗ്രൂപ്പ് പഠന സഹായം. കമ്പ്യൂട്ടർ അധിഷ്ഠിത പഠനം. പാഠഭാഗങ്ങൾ ലളിതമാക്കിയുള്ള പഠനം. | ജനുവരി - മാർച്ച് | SRG, SC, SS Club, IED റിസോഴ്സ് ടീച്ചർ | |
| | | | | | | Total Amount 123500/- |
| | | | | | | |

# ഗണിതം

**മുഖ്യലക്ഷ്യങ്ങൾ**

1. ഗണിതത്തിലെ അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്.
2. വൈവിധ്യമായ പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുക.
3. കുട്ടികൾക്ക് ഗണിത പഠനത്തിൽ താൽപര്യം ഉണ്ടാക്കുക. ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ആഭിമുഖ്യം ഉണ്ടാക്കുക.
4. ആശയങ്ങൾ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി പഠനത്തിലെ വിരസത ഒഴിവാക്കുക.
5. സ്വയം പഠനം, സംഘപഠനം എന്നിവ പ്രോത്സാഹിപ്പിക്കുക.
6. ഹൈടെക് ക്ലാസ്മുറികളിൽ ആശയവിനിമയം നടത്തുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുക.
7. കുട്ടികളുടെ പഠനനേട്ടവും പഠനനിലയും രക്ഷിതാക്കളുമായി അതത് സമയങ്ങളിൽ പങ്ക് വെയ്ക്കുക.

**ഉപലക്ഷ്യങ്ങൾ**

1. പ്രീ-ടെസ്റ്റ്, പരിഹാരബോധനം
2. പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠാസൂത്രണം തയ്യാറാക്കുക. അതിനാവശ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കുക.
3. ഗണിത ക്ലബ്
4. എല്ലാ കുട്ടികളേയും പരിഗണിക്കുന്ന പഠനരീതിയും പഠനോപകരണങ്ങളും
5. ക്ലാസ് ലൈബ്രറി - ഗണിത പുസ്തക വായന
6. ഐ.സി.ടി. പരിശീലനം
7. ക്ലാസ് പി.ടി.എ.

| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിതത്തിലെ അടിസ്ഥാന ശേഷികളുടെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിന്. | 1. മുന്നറിവുകളിലെ അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുക.<br>2. ചോദ്യാവലി ഉണ്ടാക്കുക.<br>3. പ്രീടെസ്റ്റ് നടത്തുക<br>4. മൂല്യനിർണയം നടത്തുക.<br>5. ഫലം ക്രോഡീകരിച്ച് അവലോകനം ചെയ്യുക.<br>6. ഫലം ക്ലാസ് പി.ടി.എ. യിൽ അവതരിപ്പിക്കുക. | മെയ് ആദ്യ വാരം<br>മെയ് അവസാനവാരം<br>ജൂൺ ആദ്യ വാരം<br>ജൂൺ രണ്ടാം വാരം<br>ജൂൺ മൂന്നാം വാരം<br>ജൂൺ അവസാന വാരം | വിഷയ സമിതി | 1000/- |
| 2. | വൈവിധ്യമായ പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുക. | 1. ഓരോ പാഠഭാഗത്തിലേയും ആശയങ്ങൾ പട്ടികപ്പെടുത്തുക.<br>2. പ്രവർത്തനാധിഷ്ഠിതമായ പാഠാസൂത്രണം തയ്യാറാക്കുക.<br>3. ആവശ്യമായ പഠനോപകരണങ്ങൾ തയ്യാറാക്കുക<br>4. ഐ.സി.ടി.യിൽ അധിഷ്ഠിതമായ പഠനത്തിന് അവസരം നൽകുക. | ഓരോ പാഠഭാഗവും പഠിപ്പിക്കുന്നതിന് തൊട്ട് മുമ്പുള്ള മാസം.<br>ഓരോ പാഠഭാഗവും പഠിപ്പിക്കുന്ന മാസം. | വിഷയ സമിതി | 5000/- |

| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 3. | കുട്ടികൾക്ക് ഗണിത പഠനത്തിൽ താൽപര്യം ഉണ്ടാക്കുക. ഗവേഷണാത്മക പ്രവർത്തനങ്ങളിൽ ആഭിമുഖ്യം ഉണ്ടാക്കുക. | 1. ക്ലബ് പ്രവർത്തനങ്ങൾക്കുള്ള വാർഷിക കലണ്ടർ തയ്യാറാക്കുക.<br>2. ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.<br>3. ഗണിത പ്രൊജക്റ്റുകൾ, ദിനാചരണങ്ങൾ, സെമിനാറുകൾ, പ്രശ്നോത്തരികൾ എന്നിവ സംഘടിപ്പിക്കുക.<br>4. ഗണിത മേളയിലേക്ക് കുട്ടികളെ കണ്ടെത്താൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. | മെയ് ആദ്യ വാരം<br>മെയ് അവസാനവാരം<br>ജൂൺ ആദ്യ വാരം<br>ജൂൺ രണ്ടാം വാരം<br>ജൂൺ മൂന്നാം വാരം<br>ജൂൺ അവസാന വാരം | വിഷയ സമിതി | 10000/- |
| 4. | ആശയങ്ങൾ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി പഠനത്തിലെ വിരസത ഒഴിവാക്കുക. | 1. പരിചിതങ്ങളായ ഭൗതിക സാഹചര്യങ്ങളിലൂടെ ഗണിതാശയങ്ങൾ പരിചയപ്പെടുത്തുക.<br>2. എല്ലാ കുട്ടികളേയും പരിഗണിക്കുന്ന രീതിയിലുള്ള പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുക.<br>3. കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി പഠനോപകരണങ്ങൾ നിർമ്മിക്കുക.<br>4. പഠനോപകരണങ്ങൾ ഫലപ്രദമായി ക്ലാസ് മുറികളിൽ വിനിമയം ചെയ്യുക. | ഓരോ പാഠഭാഗവും പഠിപ്പിക്കുന്നതിന് തൊട്ട് മുമ്പുള്ള മാസം.<br>ഓരോ പാഠഭാഗവും പഠിപ്പിക്കുന്ന മാസം. | വിഷയ സമിതി | 10000/- |

| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5. | സ്വയം പഠനം, സംഘപഠനം എന്നിവ പ്രോത്സാഹിപ്പിക്കുക. | 1. ക്ലാസ് ലൈബ്രറികളിൽ ഗണിത പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കുക.<br>2. ഗണിത ക്ലബ്ബിലെ അംഗങ്ങളെ ഉൾപ്പെടുത്തി പുസ്തകങ്ങൾ സമാഹരിക്കുക.<br>3. ഗണിത പ്രശ്നങ്ങളെ യുക്തിയുക്തമായി അപഗ്രഥിക്കാനുള്ള പ്രവണത ഉണ്ടാക്കുക.<br>4. സഹചമായ യുക്തിക്ക് സ്വാതന്ത്ര്യം അനുവദിക്കുക. | ജൂൺ - ആഗസ്ത്<br>ജൂൺ - ഡിസംബർ | വിഷയ സമിതി<br>ക്ലബ് കൺവീനർ | 15000/- |
| 6. | ഹൈടെക് ക്ലാസ്മുറികളിൽ ആശയവിനിമയം നടത്തുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുക. | 1. ഓരോ പാഠഭാഗത്തിലേയും ഐ.സി.ടി. സാധ്യതകൾ പട്ടികപ്പെടുത്തുക.<br>2. വിദഗ്ദ്ധരെ കണ്ടെത്തി പരിശീലനം നൽകുക. | മെയ് | വിഷയ സമിതി | 25000/- |
| 7. | കുട്ടികളുടെ പഠനനേട്ടവും പഠനനിലയും രക്ഷിതാക്കളുമായി അതത് സമയങ്ങളിൽ പങ്ക് വെയ്ക്കുക. | 1. ഓരോ മാസവും രക്ഷിതാക്കളെ വിളിക്കുന്നതിനുള്ള സമയം നിശ്ചയിക്കുക.<br>2. അജണ്ട ഉൾപ്പെടെയുള്ള നോട്ടീസ് തയ്യാറാക്കുക. രക്ഷിതാക്കൾക്ക് വിതരണം ചെയ്യുക.<br>3. ക്ലാസ് പി.ടി.എ. നടത്തുക. | ഓരോ മാസവും അവസാന വാരം | വിഷയ സമിതി | 5000/- |

# ഡ്രോയിംഗ്

**ലക്ഷ്യങ്ങൾ**

വിദ്യാർത്ഥിയുടെ കലാപരവും, സർഗ്ഗാത്മകവുമായ കഴിവുകളെ വികസിപ്പിക്കുന്നതോടൊപ്പം മാനവികതിയൂലുന്നിയ വ്യക്തിത്വ വികസനവും പരാശ്രയമില്ലാതെ ജീവിക്കാനുള്ള കഴിവ് ആർജ്ജിക്കലും.

| ക്രമ നമ്പർ | ലക്ഷ്യം | ക്ലാസ് / ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | ഹ്രസ്വ കാലയളവ് ലക്ഷ്യങ്ങൾ | ദീർഘ കാലയളവ് ലക്ഷ്യങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|---|
| 1.<br><br>2.<br><br>3. | പഠനത്തോടൊപ്പം കലാപരവും, സർഗ്ഗാത്മകവുമായ കഴിവ് ആർജ്ജിക്കുന്ന ഒരു വിദ്യാർത്ഥി, മാനസിക വളർച്ചയും അതിലൂടെ മാനവിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു വ്യക്തിത്വവും ആർജ്ജിക്കുന്നു.<br><br>സാമൂഹിക പുരോഗതിയിൽ കലാകാരന്മാരുടെ പങ്ക് എന്ത് എന്ന് വിദ്യാർത്ഥി ബോധവാനാകുന്നു.<br><br>വിവിധ ശാസ്ത്ര പഠനങ്ങളിലൂടെ ശാസ്ത്ര അവബോധം നേടുന്ന വിദ്യാർത്ഥി, സർഗ്ഗാത്മകതയിലൂന്നിയ ശാസ്ത്ര പഠനത്തിലൂടെ കൂടുതൽ പൂർണത നേടുകയും ചെയ്യുന്നു. | 8, 9, 10 | ക്ലാസ് റൂമിൽ ഓരോ ചെറിയ ലൈബ്രറി ക്രമീകരിക്കുന്നു.<br>ഒരു ഡിജിറ്റൽ - ഇന്റർനെറ്റും പ്രൊജക്റ്ററും ഉൾപ്പെടെ ലൈബ്രറിയുടെ ഒരു ക്രമീകരണം. അതേ ലൈബ്രറിയിൽ ഒരു ആർട്ട് ഗ്യാലറി ഉൾപ്പെടുത്തി സ്ഥിരം ചിത്രപ്രദർശനം നടത്താനുള്ള സൗകര്യവും വിദ്യാർത്ഥിൾക്ക് ഒരുക്കി കൊടുക്കുന്നു. ആവശ്യമായ ഇരിപ്പിടങ്ങളും ക്രമീകരിക്കണം.<br>ഒരു ഡിജിറ്റൽ ലാബ് ഉൾപ്പെടുത്താനായാൽ സ്വയം തൊഴിൽ ആർജ്ജിക്കാനായി ഓരോ വിദ്യാർത്ഥിക്കും കമ്പ്യൂട്ടറിൽ Technical, Advertising മേഖലകളിൽ പരിശീലനം നൽകാനും കഴിയും.<br>പിന്നെ ക്ലാസ്റൂമിൽ ചിത്ര രചനയ്ക്കാവശ്യമായ അലമാര, മെറ്റീരിയൽസ് ഒരുക്കേണ്ടതുമുണ്ട്.<br>അവധിക്കാലത്ത് ചിത്രരചനാ ക്ലാസ് ഉൾപ്പെടുത്തുന്നു.<br>ചിത്രകാരന്മാരുടെ ചിത്രരചനാ മാഗസിൻ നിർമ്മിക്കുന്നു. | ജൂൺ മുതൽ ആഗസ്ത്, സെപ്തംബർ വരെ കലോത്സവങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നു.<br>8-ാം ക്ലാസ്സിലെ പുതിയ കുട്ടികളും കലാപരമായ മികവ് വേർതിരിച്ചറിയാൻ ശ്രമിക്കുന്നു.<br>8,9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ എല്ലാവരെയും ഉൾപ്പെടുത്തി പരിശീലനം നൽകുന്നതോടൊപ്പം പ്രത്യേക കഴിവുള്ളവർക്ക് പ്രത്യേക സമയങ്ങളിൽ അവധി പരിശീലനവും കൊടുക്കുന്നു. | 8 മുതൽ 10-ാം ക്ലാസ് കഴിയുന്നതോടുകൂടി കഴിവുള്ള വിദ്യാർത്ഥികൾ സ്വയംപര്യാപ്തരാകുന്നവിധമുള്ള പരിശീലനപദ്ധതികൾ. മറ്റു വിദ്യാർത്ഥികൾക്ക് കലാപരവും സർഗ്ഗാത്മകവുമായ കാര്യങ്ങളിൽ മിനിമം അറിവ് നേടൽ etc. | ക്യാമ്പ് മധ്യവേനലവധിക്കാലം (5 ദിവസം)<br>ക്യാമ്പിൽ ഔട്ട്ഡോർ സ്റ്റഡി യാത്രകൾ സംഘടിപ്പിക്കുന്നു.<br>മറ്റ് ക്ലാസുകൾ വർഷാവർഷം അനിവാര്യമായ പുനഃക്രമീകരണം നടത്തുന്നു. | Drawing Teacher SRG | Camp, Study Tour Exp. 30000/-<br><br>13 x 10000 = 130000<br><br>Projector, Art Gallary<br><br>Total - 660000 (Approximate) |

# Inclusive Education

**Name of Special Educator : SHAJIKUMAR**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | കുട്ടിയെ തിരിച്ചറിയൽ | Case History | ഭിന്നശേഷി വിഭാഗം | ജൂൺ | സ്പെഷ്യൽ എഡ്യൂക്കേറ്റർ | 500 |
| 2. | രക്ഷിതാക്കളിൽ ആത്മ വിശ്വാസം വളർത്തൽ | Parents Meeting | CWSN രക്ഷിതാക്കൾ | ജൂലൈ | സ്പെഷ്യൽ എഡ്യൂക്കേറ്റർ കൗൺസിലർ | 500 |
| 3. | കുട്ടിയുടെ ആരോഗ്യപ്രശ്നങ്ങൾ തിരിച്ചറിയൽ | Screening Test | CWSN കുട്ടികൾ | ജൂലൈ | സ്പെഷ്യൽ എഡ്യൂക്കേറ്റർ | 500 |
| 4. | കുട്ടിയുടെ അക്കാദമിക് നില വാരം തിരിച്ചറിയൽ, മെച്ചപ്പെടുത്തൽ | Pre-Test | CWSN കുട്ടികൾ | ജൂലൈ | സ്പെഷ്യൽ എഡ്യൂക്കേറ്റർ | 500 |
| 5. | പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടിയുടെ കഴിവ് വർദ്ധിപ്പിക്കൽ | Individualised Educational Programme (IEP) വ്യക്തിഗത പഠനം Adaptation (അനുരൂപീകരണം) കലാ-കായിക പരിശീലനം | CWSN കുട്ടികൾ | ജൂലൈ - ഫെബ്രുവരി | സ്പെഷ്യൽ എഡ്യൂക്കേറ്റർ Drawing Teacher PET | 5000 |
| 6. | എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കുട്ടിയെ ഒരുക്കൽ | പരീക്ഷാ മുന്നൊരുക്കം കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് | CWSN കുട്ടികൾ 10th Std. | ജനുവരി - ഫെബ്രുവരി | സ്പെഷ്യൽ എഡ്യൂക്കേറ്റർ കൗൺസിലർ | 1000 |

# കായികം (P.E.T )

**ലക്ഷ്യങ്ങൾ**

മാനസികവും ശാരീരികവുമായ സമ്പൂർണ്ണ ആരോഗ്യം കൈവരിച്ച ഒരു തലമുറയെ വാർത്തെടുക്കുവാൻ കായിക-ആരോഗ്യ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു.

**ഉപലക്ഷ്യങ്ങൾ**

ഓരോ വ്യക്തിക്കും ശരിയായ അളവിൽ പോഷകാഹാരവും വ്യായാമവും നൽകുവാൻ കഴിഞ്ഞാൽ അവർക്ക് ആരോഗ്യ-കായിക സുരക്ഷിതത്വം നേടാൻ കഴിയുന്നു. അതുവഴി ജീവിത ഉപാധിയായ തൊഴിൽവരെ നേടുവാൻ ഇത്തരം കായി ക പ്രവർത്തനങ്ങൾക്ക് കഴിയുന്നു.

| ക്രമ നമ്പർ | ലക്ഷ്യം | ക്ലാസ്സ്/ ഗ്രൂപ്പ് | പ്രവർത്തനം | ഹ്രസ്വ ദീർഘ കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | മുഴുവൻ വിദ്യാർത്ഥികളേയും കായിക ആരോഗ്യ പ്രവർത്തനത്തിൽ പങ്കെടുപ്പിച്ച്, മാനസിക ശാരീരിക വളർച്ച ഉണ്ടാക്കുക. | 8, 9 ക്ലാസ്സിലെ വിദ്യാർത്ഥികൾ | വിവിധ തരത്തിലുള്ള കായിക പ്രവർത്തനങ്ങൾ, കളികൾ<br>1. നീന്തൽ<br>2. അത്ലറ്റിക്സ്<br>3. ചെസ്സ് | ജൂൺ മുതൽ ആഗസ്റ്റ് വരെ നീന്തൽ പരിശീലനം. 2018-19 വരെ ദീർഘ കാലാടിസ്ഥാനത്തിൽ അത്ലറ്റിക്സ് പരിശീലനം | P.E.T S.R.G | SMC PTA |
| 2. | വിവിധയിനം ഗെയിമുകളിൽ പരിശീലനം നൽകി സംസ്ഥാന, ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാൻ സജ്ജരാക്കുക | എല്ലാ വിദ്യാർത്ഥികളേയും. അതിൽ നിന്നും തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നു. | 1. വോളിബോൾ<br>2. ഫുട്ബോൾ<br>3. കബഡി<br>4. ക്രിക്കറ്റ് | ആദ്യം ജൂൺ മുതൽ ഒക്ടോബർ വരെ തെരഞ്ഞെടുത്തവർക്ക് ദീർഘകാല പരിശീലനം 2018-19 | P.E.T S.R.G | SMC PTA |

അക്കാദമിക്
മാസ്റ്റർ പ്ലാൻ

# ഹയർ സെക്കന്ററി വിഭാഗം

മലയാളം

ഹിന്ദി

ഇംഗ്ലീഷ്

സയൻസ്

ഭൗതികശാസ്ത്രം

രസതന്ത്രം

ജന്തുശാസ്ത്രം

സസ്യശാസ്ത്രം

കമ്പ്യൂട്ടർ സയൻസ്

ഗണിതം

വാണിജ്യം, സാമ്പത്തിക ശാസ്ത്രം

പൊളിറ്റിക്കൽ സയൻസ്

# മലയാളം

## ആമുഖം

മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിയാനും സംസ്കാരത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളാനും വേണ്ടിയാണ് ഹയർ സെക്കന്ററി തലത്തിൽ മലയാള ഭാഷാ പഠനം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ ലക്ഷ്യം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി 2018-19 അധ്യയന വർഷത്തിൽ മാസ്റ്റർ പ്ലാൻ വിവിധ ഭാഷാ പഠന മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കുന്നു. 'വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക', 'മാതൃഭാഷയുടെ കരുത്തും, സർഗ്ഗാത്മകതയും തിരിച്ചറിയുക', 'സാമൂഹിക ജീവിയാകുക' തുടങ്ങിയ ലക്ഷ്യങ്ങൾ വിദ്യാർത്ഥികൾ കൈവരിക്കേണ്ടതുണ്ട്.

## ലക്ഷ്യങ്ങൾ

- ഭാഷാശേഷി വർദ്ധിപ്പിക്കുക.
- സർഗ്ഗാത്മക രചനകൾ ആസ്വദിക്കാനും, വിലയിരുത്താനും
- സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- വായനയുടെയും എഴുത്തിന്റെയും വിവിധ തലങ്ങൾ പരിചയപ്പെടുക.
- പ്രകൃതിയെയും മാനുഷിക മൂല്യങ്ങളെയും കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നേടുക.
- സാമൂഹികവിഷയങ്ങളിൽ ഇടപെടാനും പ്രതികരിക്കാനുമുള്ള ശേഷി നേടുക.
- ഭാഷാലാബ് നിർമ്മാണം - ഐ.സി.റ്റി സാധ്യതകൾ വിപുലപ്പെടുത്തുക.

## അക്കാദമിക പ്രവർത്തനങ്ങൾ

- നിലവിലുള്ള ലൈബ്രറിയെ കുട്ടികളുടെയും, രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹായത്തോടെ വിപുലീകരിക്കുക.
- ഓരോ ക്ലാസ്സിലും വായനാമൂല ക്രമീകരിക്കുക.
- ദിനപത്രങ്ങളിലെ പ്രധാന വാർത്തകൾ വിലയിരുത്തുക.
- സാഹിത്യസമാജം രൂപീകരിക്കുക.
- വീടിനടുത്തുള്ള വായനശാലയിൽ അംഗത്വം എടുപ്പിക്കുക.
- സാഹിത്യസമാജത്തിൽ സ്വന്തം രചനകൾ അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

- ഭാഷയും, സാഹിത്യവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക.
- പ്രകൃതി പഠനയാത്രകൾ സംഘടിപ്പിക്കുക.
- നാട്ടറിവുകൾ ശേഖരിക്കുക.
- പ്രകൃതി-കൃഷി മേഖലകളിൽ പ്രവർത്തിക്കുന്ന പ്രാദേശികമായി അറിയപ്പെടുന്ന വ്യക്തികളുമായി അഭിമുഖസംഭാഷണം നടത്തുക.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കുക.
- കൈകയെഴുത്തുമാസിക തയ്യാറാക്കുക
- വായനയുടെ സാധ്യത വർദ്ധിപ്പിക്കുക.
- നാടകക്കളരി, നാടൻ പാട്ടരങ്ങ്, കവിയരങ്ങ്, സിനിമ -ഡോക്യുമെന്ററി പ്രദർശനം എന്നിവ സംഘടിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| 1. ഭാഷാശേഷി വർദ്ധിപ്പിക്കുക<br><br>ജൂൺ മുതൽ മാർച്ച് വരെ | • വായനാമൂലയിൽ നിലവാരമുള്ള സർഗാത്മക രചനകൾ ഉൾപ്പെടുത്തി വായനാക്കുറിപ്പ് തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു. വിലയിരുത്തുന്നു.<br>• പത്രവായന - അവലോകനം<br>• കുട്ടികളുടെ പഠന നിലവാരത്തിനനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു. വായനാനുഭവവും, ഉള്ളടക്കവും 'എന്റെ വായന' എന്ന നോട്ടുപുസ്തകത്തിൽ രേഖപ്പെടുത്താൻ നിർദ്ദേശിക്കുന്നു. |
| 1. സർഗ്ഗാത്മക രചനകൾ ആസ്വദിക്കാനും വിലയിരുത്താനും<br><br>ജൂൺ മുതൽ ഫെബ്രുവരി വരെ | • സർഗ്ഗാത്മക രചന ഉൾപ്പെടുന്ന ഓഡിയോ കേൾപ്പിക്കുന്നു. കുട്ടികളെക്കൊണ്ട് അവതരിപ്പിക്കുന്നു.<br>• സർഗ്ഗാത്മക രചനകളുടെ നിരൂപണ പാഠങ്ങൾ കുട്ടികൾക്ക് നൽകി വിലയിരുത്തൽ മേഖലയെ കുറിച്ച് അവബോധം ഉണ്ടാക്കുന്നു. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| 3. സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക.<br><br>ജൂൺ മുതൽ ജനുവരി വരെ | • സാഹിത്യ സമാജത്തിന്റെ ഭാഗമായി 'എഴുത്തുകളരി' സംഘടിപ്പിക്കുന്നു. (ജൂൺ-5 പരിസ്ഥിതി ദിനത്തിൽ, കേരളപ്പിറവിദിനത്തിൽ, സ്വാതന്ത്ര്യദിനം തുടങ്ങിയ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും, പഠന മേഖലയുമായി ബന്ധപ്പെട്ടും നടത്തുന്നു.) |
| 4. വായനയുടെയും എഴുത്തിന്റെയും വിവിധതലങ്ങൾ പരിചയപ്പെടുക.<br><br>കഥ, നോവൽ തുടങ്ങിയ പാഠഭാഗങ്ങളൽ വരുന്ന സന്ദർഭങ്ങൾ (ജൂൺ മുതൽ ഫെബ്രുവരി) | • 'വരികൾക്കിടയിലൂടെയുള്ള വായന' സർഗാത്മക രചനകളിലെ അർത്ഥ സാധ്യതകൾ കണ്ടെത്താൻ നിർദ്ദേശിക്കുന്നു. കൈത്താങ്ങ് ആവശ്യമുള്ള സന്ദർഭങ്ങളിൽ അധ്യാപകർ ഇടപെടുകയും വേണ്ട സഹായങ്ങൾ നൽകുകയും ചെയ്യുന്നു. ഈ പ്രവർത്തനത്തിലൂടെ സർഗാത്മക രചനകളുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. |
| 5. പ്രകൃതിയെയും മാനുഷിക മൂല്യങ്ങളെയും കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് നേടുക.<br><br>ജൂലൈ, ഫെബ്രുവരി | • പ്രകൃതി പഠനയാത്ര<br>• സഹപാഠികളെ അറിയുക. അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും സഹായിക്കുകയും ചെയ്യുക.<br>• അനാഥാലയങ്ങൾ, ആശുപത്രികൾ സന്ദർശിക്കുക<br>• നാട്ടറിവുകൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുക.<br>• പ്രകൃതി, കൃഷി മേഖലകളിൽ പ്രവർത്തിക്കുന്ന പ്രാദേശികമായി അറിയപ്പെടുന്ന വ്യക്തികളുമായി അഭിമുഖ സംഭാഷണം നടത്തുന്നു.<br>• നിങ്ങളുടെ പ്രദേശത്തുള്ള പ്രകൃതി മാറ്റം - വികസനം നിരീക്ഷിക്കുക. 'പ്രകൃതിയെ വേണ്ട രീതിയിൽ സംരക്ഷിക്കുന്നുണ്ടോ?' എന്ന വിഷയത്തിൽ ലേഖനം തയ്യാറാക്കുക. 'പ്രകൃതി പഠന' പതിപ്പ് തയ്യാറാക്കുക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| 6. സാമൂഹിക വിഷയങ്ങളിൽ ഇടപെടാനും പ്രതികരിക്കാനുമുള്ള ശേഷി നേടുക.<br>ജൂൺ - മാർച്ച് | • സമകാലിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്ലാസ്സ് റൂമിൽ ചർച്ച ചെയ്യുക - ഉപന്യാസം, സെമിനാർ, സംവാദം, പ്രതികരണക്കുറിപ്പ് ഇവ തയ്യാറാക്കുക. |
| 7. ഭാഷാലാബ് - ഐ.സി.റ്റി സാധ്യത<br><br>(പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുവരുമ്പോൾ അതിനനുയോജ്യമായ പ്രമേയം വരുന്ന ഓഡിയോ - സിഡി, വീഡിയോ സി.ഡി പ്രദർശിപ്പിക്കുന്നു.)<br>ജൂൺ - ഫെബ്രുവരി | • പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി ഹൈടെക് നിലവാരത്തിലേക്ക് വിദ്യാലയങ്ങൾ ഉയരുമ്പോൾ സ്വപ്ന സാക്ഷാത്കാരം പോലെ ഭാഷാധ്യാപകരുടെ മുന്നിൽ നിൽക്കുന്ന ഒന്നാണ് 'ഭാഷാലാബ്'. ഓഡിയോ-സി.ഡി., വീഡിയോ - സി.ഡി. തുടങ്ങിയവ ശേഖരിച്ച് കേൾപ്പിക്കുകയും, കാണിക്കുകയും ചെയ്യുക. വിദ്യാർത്ഥികളെ കൊണ്ട് പവർപോയിന്റ് പ്രസന്റേഷൻ നടത്തിക്കുക. ഇന്റർനെറ്റുമായി ബന്ധപ്പെട്ട മലയാളത്തിന്റെ സാധ്യതകൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനുവേണ്ടി വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസ് നടത്തുക. |

| ഹിന്ദി | | | | | |
|---|---|---|---|---|---|
| ക്രമ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിശക |
| 1. | എല്ലാ കുട്ടികളും ഹിന്ദി ഭാഷ അർത്ഥ പൂർണ്ണമായി തെറ്റുകൾ കൂടാതെ വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പു വരുത്തും. | 1. പഠനനിലവാരം അളക്കാൻ ഹിന്ദി പ്രി- ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>2. അർത്ഥപൂർണ്ണമായ വായന - ഹിന്ദി പാഠപുസ്തകം ഉച്ചരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുക. Reading Test നടത്തുക. | ജൂൺ<br><br>ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അദ്ധ്യാപകൻ<br><br>" | |
| 2. | എല്ലാ കുട്ടികളും മികച്ച നിലയിൽ ഹിന്ദി ഭാഷയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കും. | 1. ഹിന്ദി കഥാപുസ്തകം പത്രം, മാസികകൾ എന്നിവ മാസത്തിൽ ഒരിക്കൽ ക്ലാസ്സുകളിൽ ഗ്രൂപ്പായി വായിച്ച് വിശകലനം നടത്തുക.<br>2. ഓരോ പാഠത്തിനെയും ആസ്പദമാക്കി കേട്ടെഴുത്ത്, പരീക്ഷ, സെമിനാർ, പ്രസംഗം ഭാഷാ പ്രോജക്ട് എന്നിവ നടത്തുക.<br>3. രണ്ട് ആഴ്ചയിൽ ഒരു ഹിന്ദി പുസ്തകം വായിച്ച് പുസ്തക കുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക.<br>4. എല്ലാ വിദ്യാർത്ഥികളെയും ഹിന്ദി ഭാഷയിൽ സ്വയം പരിചയപ്പെടുത്താനും പരസ്പരം ചോദ്യങ്ങൾ ചോദിച്ച് ആശയം കൈമാറാനും പരിശീലിപ്പിക്കുക. Spoken Hindi Class - വ്യാകരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുക. | "<br><br>ആഗസ്ത് മുതൽ<br><br>ജൂൺ മാർച്ച് | "<br><br>"<br><br>" | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിശകലനം |
|---|---|---|---|---|---|
| 3. | ആശയവിനിമയത്തിനുതകും വിധം ഹിന്ദി ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കും. | 1. ഹിന്ദി പാഠപുസ്തകത്തിൽ നിന്നും, വായിച്ച പുസ്തകങ്ങളിൽ നിന്നും ഹിന്ദി വാക്കുകളും, പ്രയോഗങ്ങളും അതിന്റെ അർത്ഥവും പുസ്തകത്തിൽ കുറിച്ച് വയ്ക്കുക. ക്ലാസ്സിൽ വായിക്കുക. | ജൂൺ മാർച്ച് | ഹിന്ദി അദ്ധ്യാപകൻ | |
| 4. | ദൈനംദിന ജീവിതത്തിലും, തൊഴിൽ മേഖലയിലും ഹിന്ദി ഭാഷയുടെ അനന്ത സാധ്യതകളെയും, ആവശ്യകതയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക. | 1. ഹിന്ദി ദിവസ് - Sept 14, ഹിന്ദി വാരാഘോഷം, ഹിന്ദി ഭാഷയും ആയി ബന്ധപ്പെട്ട മറ്റു ദിനങ്ങൾ എന്നിവ സ്കൂളിൽ ആഘോഷിച്ച് ഹിന്ദി മേഖലയിൽ പ്രഗൽഭനായ വ്യക്തിയെക്കൊണ്ട് ഉദ്ഘാടനം നടത്തിക്കുക. | സെപ്തംബർ | " | 4000രൂപ |
| | | 2. ഹിന്ദി ഭാഷയുടെ തൊഴിൽ സാധ്യതകളെ കുറിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തുക. | നവംബർ | " | 2000 രൂപ |
| | | 3. ഹിന്ദി ക്ലബ് രൂപീകരിക്കുക. | | | |
| | | 4. മാസത്തിൽ ഒരിക്കൽ ഓരോ ക്ലാസ്സിലും ഹിന്ദിയിൽ പരിപാടികൾ അവതരിപ്പിക്കുക. എന്തെങ്കിലും സാമൂഹിക പ്രശ്നങ്ങളെ ആധാരമാക്കി ഹിന്ദിയിൽ നാടകം അവതരിപ്പിക്കുക. | സെപ്തംബർ മുതൽ | " | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിശകലനം |
|---|---|---|---|---|---|
| 5. | എല്ലാ വിദ്യാർത്ഥികളെയും ഫൈനൽ പരീക്ഷയിൽ എ+ നേടാൻ പ്രാപ്തരാക്കും. | 1. എല്ലാ വിദ്യാർത്ഥികൾക്കും എ+ നേടാൻ പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കുക.<br>2. വിദ്യാർത്ഥികളെ ഗ്രൂപ്പായി തിരിച്ച് ഗ്രൂപ്പിലെ അംഗങ്ങൾ ഹിന്ദി പാഠപുസ്തകത്തിലെ ഏതെങ്കിലും ക്ലാസ്സെടുക്കുക<br>3. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് സംഘടിപ്പിക്കുക. പിന്നോക്കം നിൽക്കുന്നവർക്ക് സ്പെഷൽ ക്ലാസ് നടത്തുക.<br>4. ക്ലാസ്സ് പരീക്ഷ, യൂണിറ്റ് മോഡൽ പരീക്ഷ തുടങ്ങിയവയിലൂടെ വിദ്യാർത്ഥികളുടെ മികവുകളും പോരായ്മകളും കണ്ടെത്തുക. പരിഹരിക്കുക. | ജൂൺ മാർച്ച് | ഹിന്ദി അദ്ധ്യാപകൻ പ്രിൻസിപ്പാൾ പി.ടി.എ<br><br>ഹിന്ദി അദ്ധ്യാപകൻ | 2000 രൂപ |
| 6. | വിദ്യാർത്ഥികളുടെ ഹിന്ദി സാഹിത്യത്തിലുള്ള അഭിരുചി പരിപോഷിപ്പിക്കുക. | 1. ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ, മാസികകൾ, പത്രം തുടങ്ങിയവ വാങ്ങിക്കുകയും അവ വായിക്കുന്നതിന് പ്രത്യേകം സൗകര്യമൊരുക്കുകയും ചെയ്യുക. | ജൂൺ ഫെബ്രുവരി | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിശകലനം |
| --- | --- | --- | --- | --- | --- |
| 7. | വിദ്യാർത്ഥികളെ ഹിന്ദി ഭാഷയുടെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തുകയും ഹിന്ദി പത്രം, മാഗസിൻ തുടങ്ങിയവയിലൂടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിച്ച് കുട്ടികളെ മികച്ച ഹിന്ദി വായനക്കാരനും, എഴുത്തുകാരനുമായി മാറ്റുക. | 1. എല്ലാ ദിവസവും ഓരോ ഹിന്ദി വാക്കും അർത്ഥവും എഴുതുക.<br>2. ഓരോ ക്ലാസ്സും ഹിന്ദിയിൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക. നല്ല മാസികയ്ക്ക് പുരസ്കാരങ്ങൾ നൽകുക. | ജൂൺ ഫെബ്രുവരി<br><br>ജനുവരി | ഹിന്ദി അദ്ധ്യാപകൻ ലൈബ്രേറിയൻ, പ്രിൻസിപ്പാൾ പി.ടി.എ<br><br>" | 10000 രൂപ |
| 8. | ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസരിച്ച് ഹിന്ദി ഭാഷയിൽ സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുള്ള അവസരം സൃഷ്ടിക്കും. | 1. ഹിന്ദി ക്ലബ്ബിന്റെ പ്രവർത്തനങ്ങളും, സ്കൂളിലെ മറ്റ് പ്രധാന പ്രവർത്തനങ്ങളും മാസത്തിൽ ഒരിയ്ക്കൽ ഹിന്ദി പത്രത്തിന്റെ രൂപത്തിൽ തയ്യാറാക്കുക. | ജൂൺ ഫെബ്രുവരി | " | |
| 9. | സർഗ്ഗാത്മക രചനകളും, മറ്റു ആശയങ്ങളും വിവിധ രീതിയിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കുക. | 1. ഹിന്ദിയിലും മലയാളത്തിലും ഉപയോഗിക്കുന്ന സമാനമായ വാക്കുകളും, അർത്ഥങ്ങളും ഉൾക്കൊള്ളിച്ച് ഭാഷാ പ്രോജക്ട് തയ്യാറാക്കുക.<br>2. ഹിന്ദി നിഘണ്ടു തയ്യാറാക്കുക.<br>3. ഹിന്ദി കഥ-കവിത-ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കുക. നാടക മത്സരങ്ങൾ, പ്രശ്നോത്തരി എന്നിവ ഹിന്ദി ഭാഷയും ആയി ബന്ധപ്പെട്ട് നടത്തുക. | ജനുവരി<br><br>ജൂൺ<br><br>മാർച്ച് | ഹിന്ദി അദ്ധ്യാപകൻ | 2000 രൂപ<br><br>5000 രൂപ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | വിശക ലനം |
|---|---|---|---|---|---|
| 10. | ദേശസ്നേഹം, മതേതരത്വം, ചരിത്രബോധം തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കുക. | 1. ദേശഭക്തി ഗാനാലാപനം, സ്വാതന്ത്ര്യദിനം - റിപ്പബ്ലിക്ക് ദിനങ്ങളിൽ ഹിന്ദി ഭാഷയിൽ വിവിധ പരിപാടികൾ അവതരിപ്പിക്കുക.<br>2. സ്വാതന്ത്ര്യ ദിനത്തിനു വേണ്ടി പോരാടിയ മഹത് വ്യക്തികളുടെ ജീവചരിത്രം ഹിന്ദിയിൽ പരിചയപ്പെടുത്തുക. ദേശസ്നേഹവും ആയി ബന്ധപ്പെട്ട് സിനിമകളുടെ വീഡിയോ പ്രദർശനം. | ജൂൺ മാർച്ച് | ഹിന്ദി അദ്ധ്യാപകൻ | 1000 രൂപ |
| 11. | ഹിന്ദി ഭാഷാശേഷി വികസിപ്പിക്കുന്നതിനുവേണ്ടി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക. | 1. മാസത്തിൽ ഒരു ദിവസം ഹിന്ദി ഭാഷയിലുള്ള സിനിമ, നാടകം, വാർത്ത, ടി.വി. പരിപാടികൾ കുട്ടികളെ കാണിക്കുക. | • | ഹിന്ദി അദ്ധ്യാപകൻ | 1000 രൂപ |
| 12. | ഓരോ വിദ്യാർത്ഥിയെയും തന്റെ ആവശ്യങ്ങൾ, താല്പര്യങ്ങൾ, ലക്ഷ്യങ്ങൾ, അഭിരുചികൾ എന്നിവയെക്കുറിച്ച് വിവിധ തരത്തിൽ ഹിന്ദി ഭാഷയിൽ ഫലപ്രദമായി എഴുതാനും സംസാരിക്കാനും, ആശയങ്ങൾ പ്രകടിപ്പിക്കാനുമുള്ള ശേഷി വികസിപ്പിക്കും. | 1. കാണുന്ന പരിപാടികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുക. ചർച്ച നടത്തുക.<br>2. ഹിന്ദി ലാംഗ്വേജ് ലാബ് സജ്ജീകരിച്ച് വിദ്യാർത്ഥികളെ ഹിന്ദി ഭാഷയിൽ പ്രാവീണ്യം നേടാൻ പ്രാപ്തരാക്കുക.<br>3. ഹിന്ദി സാഹിത്യകാരന്മാരുമായി സംവദിക്കാനുള്ള അവസരം സൃഷ്ടിക്കുക. | ദീർഘകാലം | ഹിന്ദി അദ്ധ്യാപകൻ പ്രിൻസിപ്പാൾ പി.ടി.എ | 5000 രൂപ |

# ENGISH

Objectives and activities for developing Reading and writing skills in English in Higher Secondary level

**Objectives**

I. Read and activate and reinforce other skills (grammar, vocabulary, pronounciation and writing)

Activity : Model Reading in the English class by the teacher with correct pronounciation, stress and intonation. Silent reading by the students. Loud reading by the students and teacher corrects the mistakes in pronounciation.

Time : Throughout the academic year

II Reading to become a better reader. ie. developing reading skills like scanning predicting and reading for details.

Activity : Directed Reading.
A teacher directed Step-by-Step process for presenting a reading lesson in literature and other content areas.
In the pre-reading stage students set their own purposes for reading by making predictions; and in post reading discussion stage they check their verifications.

Time : Throughout the academic year.

III Read to develop critical thinking:

This helps the students to prioritize, make conclusions, draw comparisons make inferences etc.

Actitity : Graphic Organizers.

Students read with the help of a detailed kind of map or structured organization of information. These can be used prior to reading to tap background knowledge as well as during reading to help organise information.

eg: timelines, diagrams, charts, graphs, thinking maps etc.

Time : Throughout the academic year.

IV Read for enjoyment.

Activity: Students should be allowed to select books (novels, stories plays, biographies etc) from school library or classroom library according to their taste and standard.

Time : Throughout the academic year

## Writing Objectves and Activities

### Objective I

Master the Mechanics of writing

a) The most correct punctuation marks and capital letters.

b) Spell words correctly

c) Use appropriate vocabulary

d) Use correct grammatical items

e) Write coherently in more than one paragraph

Activity: Guided Writing.
A writing development activity where teacher and students collabrate and negotiate the text. The teacher provides the needed scaffold or support while the students are writing.

Time : Throughout the accademic year.

**Objective II**

(a) Complete accurately and fluently semi - controlled compositions like stories, description of place, person and things narration of events.

(b) Write paragraphs, letters (personal and official) simple narrative pieces of reports, notices, messages, diary entries etc.

Activity I : Journal Writing. Daily writing on topics selected by students or sometime by teachers. There are a varety of types personal, refellective and dialogue journals provide an opportunity for students to write pre authentic ways and practise the process.

Activity II : K.W.L
A brainstorming activity for writing and to tap prior knowledge (K- What we know) and ask questions (W- What we want to learn) and summarise what was learned (L- What we learned)
This activity is powerful because it builds on and validates prior knowledge and experiance

Time : Throughout the accademic year.

**Objective III**

a) Make notes and summarize.

b) Edit written material

c) Expand notes.

| | | |
|---|---|---|
| Activity | : | Process Writing<br>This activity teaches the students how to write by going through the stages - Pre-writing (Writing rough draft), conferencing, revising, editing (proof reading), publishing and sharing. |
| Time | : | Throughout the academic year. |

# സയൻസ് (Science)

## ആമുഖം

നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു മേഖലയാണ് ശാസ്ത്രം. ശാസ്ത്ര വിഷയങ്ങളെ കുറിച്ച് അടിസ്ഥാനധാരണയില്ലായ്മയാണ് കുട്ടികളിൽ പഠനവിരക്തിക്ക് കാരണമാകുന്നത്. 'ശാസ്ത്രാഭിരുചി വളർത്തുക' എന്നതാണ് ആത്യന്തികമായ നമ്മുടെ ലക്ഷ്യം. നിലവിലുള്ള സാഹചര്യങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തിക്കൊണ്ടും ശാസ്ത്രവിഷയങ്ങളിൽ താല്പര്യം വളർത്തിയെടുക്കുകയും വിജയശതമാനം ഉയർത്തുകയും ചെയ്യുകയാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ അത്യാവശ്യമായിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

1. ശാസ്ത്രാവബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുക.
2. കുട്ടികളുടെ ശാസ്ത്രവിഷയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ.
3. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും നിത്യജീവിതത്തിലെ ശാസ്ത്രതത്വങ്ങൾ കണ്ടെത്തുന്നതിനും ശാസ്ത്രവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും.
4. ഗവേഷണ മേഖലകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിപ്പിക്കുന്നതിന്.
5. ശാസ്ത്ര വിഷയങ്ങളിലുള്ള വായനാശീലം വർദ്ധിപ്പിക്കുന്നതിന്.
6. പഠനനിലവാരം ഉയർത്തുകവഴി റിസൽറ്റ് മെച്ചപ്പെടുത്തുന്നതിന്.
7. ഓരോ കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ കണ്ടെത്തുകയും പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നതിന്
8. ലഹരിവിമുക്ത ക്യാമ്പസ് സമൂഹം.

### പ്രശ്നങ്ങൾ

1. ശാസ്ത്രവിഷയങ്ങളിലുള്ള അടിസ്ഥാന അറിവുകളുടെ അപര്യാപ്തത
2. കുട്ടികൾക്ക് താൽപര്യമില്ലാത്ത വിഷയങ്ങൾ നിർബന്ധമായും പഠിക്കേണ്ടി വരുന്നതിലുള്ള ബുദ്ധിമുട്ടുകൾ
3. സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ അഭാവം.
4. വായനയുടെ അപര്യാപ്തത
5. കുട്ടികളുടെ വ്യക്തിപരമായ പ്രശ്നങ്ങൾ
6. ഇംഗ്ലീഷ് ഭാഷയിലുള്ള അവബോധമില്ലായ്മ

# ഭൗതികശാസ്ത്രം (Physics)

ലക്ഷ്യം

1. കുട്ടികളുടെ ശാസ്ത്രവിഷയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ

പ്രവർത്തനങ്ങൾ

- അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കി കൊടുക്കുവാൻ ഹൈസ്കൂൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് സെമിനാറുകൾ അവതരിപ്പിക്കുക (ജൂൺ)
- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മുൻധാരണകൾ ശേഖരിച്ച് വർക്ക് ഷീറ്റ് തയ്യാറാക്കൽ
- ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ പഠനം എളുപ്പമുള്ളതാക്കുക.
- ഓപ്പൺബുക്ക് പരീക്ഷ നടത്തുക.
  (കാലയളവ് - അധ്യയനവർഷം മുഴുവൻ)

2. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന്.

പ്രവർത്തനങ്ങൾ

- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് അറിവും അവസരവും നൽകുക.
- സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ നടത്തുക. (സയൻസ് ക്വിസ്, കൊളാഷ്, പോസ്റ്റർ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ക്ലാസ്സടിസ്ഥാനത്തിൽ നടത്തുക) (കാലയളവ് - അധ്യയനവർഷം മുഴുവൻ)
- എല്ലാ സയൻസ് ക്ലാസ്സുകളിലും ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക. (ജൂൺ)
- ശാസ്ത്രസാഹിത്യ പരിഷത്ത് പോലെയുള്ള സംഘടനകളുടെ സഹായത്തോടെ വാനനിരീക്ഷണം, ശാസ്ത്രക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക. (സെപ്തംബർ)
- തൊട്ടടുത്തുള്ള കലാലയങ്ങളിലെ ലബോറട്ടറികൾ, സയൻസ് പാർക്കുകൾ, സയൻസ് മ്യൂസിയങ്ങൾ തുടങ്ങിയവ സന്ദർശിക്കുക.
- സയൻസ് സ്കിറ്റ് നടത്തുക.
- ശാസ്ത്രോത്സവം സംഘടിപ്പിക്കുക (ഒക്ടോബർ)
- ശാസ്ത്രപതിപ്പ് തയ്യാറാക്കുക.

3. ഭൗതിക ശാസ്ത്രവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

**പ്രവർത്തനങ്ങൾ**

- ഇലക്ട്രോണിക്സ് ഫോർ യു, യുറീക്ക തുടങ്ങിയ മാഗസിനുകൾ വായിക്കുവാൻ അവസരം സൃഷ്ടിക്കുന്നു. (അധ്യയന വർഷം മുഴുവൻ)
- വിഷയ വിദഗ്ദ്ധരുമായി സംവാദം (നവംബർ)
- കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. (ജനുവരി)

4. ശാസ്ത്രവിഷയങ്ങളിലുള്ള വായനാശീലം വർദ്ധിപ്പിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

- സയൻസ് ലൈബ്രറി രൂപീകരിക്കുക (ജൂലൈ)
- ക്ലാസ്സടിസ്ഥാനത്തിൽ പുസ്തകം പരിചയപ്പെടുത്താനുള്ള അവസരം ഉണ്ടാക്കുക (അധ്യയനവർഷം മുഴുവൻ)

5. പഠനനിലവാരം ഉയർത്തുകവഴി റിസൽട്ട് മെച്ചപ്പെടുത്തുന്നതിന്

**പ്രവർത്തനങ്ങൾ**

- ഓരോ യൂണിറ്റിലെയും പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി സയൻസ് ഡിക്ഷ്ണറി നിർമ്മിക്കുക.
- ഭൗതികശാസ്ത്ര തത്വങ്ങളും, രേഖാചിത്രങ്ങളും ചാർട്ട് രൂപത്തിലാക്കി പ്രദർശിപ്പിക്കുക.
- പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യാവലി തയ്യാറാക്കി ക്വിസ് മത്സരം നടത്താൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- പരിഹാരബോധനം വേണ്ട കുട്ടികൾക്ക് നൽകുക. (അധ്യയന വർഷം മുഴുവൻ)
- സീരീസ് ടെസ്റ്റ് നടത്തി ഉത്തര സൂചിക കൊടുത്ത് കുട്ടികൾ തന്നെ വിലയിരുത്തുക. (ജനുവരി)

6. സമൂഹസുസ്ഥിരതക്ക്

പ്രവർത്തനങ്ങൾ

- കുട്ടികളുടെ സഹായത്തോടെ ഉപകരണങ്ങൾ തരം തിരിച്ചു ലാബ് സജ്ജീകരിക്കൽ
- ലാബിനെ ആധുനികവത്കരിക്കൽ
- വിദഗ്ദ്ധരുടെ സഹായത്തോടെയുള്ള ക്ലാസ്സുകൾ
- അമ്മമാർക്ക് ഇലക്ട്രോണിക് ഉപകരണ നിർമ്മാണ വർക്ക്ഷോപ്പുകൾ

7. ശാസ്ത്ര മത്സരങ്ങളിൽ മികവ്

പ്രവർത്തനങ്ങൾ

- സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ
- വിഷയവിദഗ്ദ്ധരുമായുള്ള സംവാദം
- ഇമ്പ്രോവൈസ്ഡ് എക്സ്പെരിമെന്റ്സ് നടത്തുന്നത് സഹായിക്കുന്ന വർക്ക്ഷോപ്പുകൾ
- പഠനയാത്രകൾ
- കുസാറ്റു പോലെയുള്ള ശാസ്ത്ര ലാബുകൾ സന്ദർശിക്കൽ.

# രസതന്ത്രം (Chemistry)

**ലക്ഷ്യം**

1. കുട്ടികളുടെ ശാസ്ത്രവിഷയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

- മുൻക്ലാസ്സുകളിലെ പാഠഭാഗങ്ങളുടെ ആശയങ്ങൾ മനസ്സിലാക്കുന്നതിന് ചർച്ചകളും സെമിനാറുകളും നടത്തുക. (ജൂൺ)
- ഓരോ ക്ലാസിനെയും ഗ്രൂപ്പ് ആക്കി തിരിച്ച് പഠിക്കാൻ അവസരം ഒരുക്കുക.
- ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ പഠനം എളുപ്പമുള്ളതാക്കുക.
- ഓപ്പൺബുക്ക് പരീക്ഷ നടത്തുക.
- വർക്ക്ഷീറ്റുകൾ തയ്യാറാക്കുക.
  (അധ്യയനവർഷം മുഴുവൻ)

2. നിത്യജീവിതത്തിലെ ശാസ്ത്രതത്വങ്ങൾ കണ്ടെത്തുന്നതിന്.

**പ്രവർത്തനങ്ങൾ**

- പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ നിത്യജീവിതത്തിൽ നിന്നും കണ്ടെത്താൻ പ്രേരിപ്പിക്കുക (അധ്യയനവർഷം മുഴുവൻ)
- പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുക (ജൂലൈ)
- നാട്ടിൻപുറത്ത് നിന്നും ലഭിക്കുന്ന വിഭവങ്ങളുടെ ഗുണമേന്മ മനസ്സിലാക്കാൻ ഭക്ഷ്യമേള സംഘടിപ്പിക്കുക. (സെപ്തംബർ)

3. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന്

**പ്രവർത്തനങ്ങൾ**

- ജിജ്ഞാസയുളവാക്കുന്നതും അറിവു നിർമ്മാണത്തിനുതകുന്നതുമായ പരീക്ഷണങ്ങൾ അവതരിപ്പിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. (അധ്യയനവർഷം മുഴുവൻ)
- ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പ്രദർശിപ്പിക്കുക. (ജൂലൈ)

- ശാസ്ത്രസാഹിത്യപരിഷത്ത് പോലെയുള്ള സംഘടനകളുടെ സഹായത്തോടെ ശാസ്ത്ര ക്ലാസ്സുകളും സംവാദവും സംഘടിപ്പിക്കുന്നു. (സെപ്തംബർ)
- തൊട്ടടുത്തുള്ള കലാലയങ്ങളിലെ ലബോറട്ടറികൾ, സയൻസ് പാർക്കുകൾ, സയൻസ് മ്യൂസിയങ്ങൾ തുടങ്ങിയവ സന്ദർശിക്കുക.
- ശാസ്ത്രോത്സവം സംഘടിപ്പിക്കുക. (ഒക്ടോബർ)
- ശാസ്ത്രപതിപ്പ് തയ്യാറാക്കുക. (ജനുവരി)

4. രസതന്ത്രവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്.

പ്രവർത്തനങ്ങൾ

- കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുക. (നവംബർ)
- വിഷയവിദഗ്ദ്ധരുമായി സംവാദം സംഘടിപ്പിക്കുക
- എൻട്രൻസ് അധിഷ്ഠിത ക്ലാസ്സുകൾ സംഘടിപ്പിക്കുക. (നവംബർ)

5. ശാസ്ത്രവിഷയങ്ങളിലുള്ള വായനാശീലം വർദ്ധിപ്പിക്കുന്നതിന്

പ്രവർത്തനങ്ങൾ

- സയൻസ് ലൈബ്രറി രൂപീകരിക്കുക. (ജൂൺ)
- പുസ്തകം വായിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനുമുള്ള അവസരം നൽകുക. (അധ്യയനവർഷം മുഴുവൻ)
- ക്വിസ് മത്സരം നടത്തുവാൻ അവസരം നൽകുക.

6. പഠന നിലവാരം ഉയർത്തുകവഴി റിസൽറ്റ് മെച്ചപ്പെടുത്തുന്നതിന്.

പ്രവർത്തനങ്ങൾ

- സമവാക്യങ്ങളും സയൻസ് തത്വങ്ങളും ചാർട്ട് രൂപത്തിലാക്കി ക്ലാസ് മുറികളിൽ പ്രദർശിപ്പിക്കുക.
- ഓരോ യൂണിറ്റിലെയും പ്രധാന ആശയങ്ങൾ ഉൾപ്പെടുത്തി സയൻസ് ഡയറി നിർമ്മിക്കുക.
- കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് യൂണിറ്റ് ബന്ധിത ചോദ്യാവലി തയ്യാറാക്കുന്നു. ക്വിസ് മത്സരം നടത്തുന്നു.
- പരിഹാര ബോധനം നടത്തുന്നു.(അധ്യയനവർഷം മുഴുവൻ)

- സീരീസ് ടെസ്റ്റ് നടത്തി ഉത്തരസൂചിക കൊടുത്ത് കുട്ടികൾ സ്വയം വിലയിരുത്തുന്നു. (ജനുവരി)

7. ലഹരി വിമുക്ത ക്യാമ്പസ് സമൂഹം.

പ്രവർത്തനങ്ങൾ

- ലഹരി ഉപയോഗം കൊണ്ടുള്ള ദോഷവശങ്ങൾ പരീക്ഷണങ്ങളി ലൂടെയും, ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെയും കുട്ടികളെ മനസ്സിലാക്കുന്നു. (ജൂൺ)
- എക്സൈസ് വകുപ്പിന്റെ സഹായത്തോടെ ക്ലാസ്സുകൾ സംഘടി പ്പിക്കുക. (ജൂലൈ)
- കാൻസർ സെന്ററുകൾ സന്ദർശിക്കുക. (ഒക്ടോബർ)
- ആവശ്യമുള്ള കുട്ടികൾക്ക് കൗൺസിലിംഗ് നൽകാനുള്ള സംവി ധാനം ഉണ്ടാക്കുക. (ജൂൺ – മാർച്ച്)

## ജന്തുശാസ്ത്രം (Zoology)

### ആമുഖം

നമ്മുടെ ദൈനംദിന ജീവിതത്തിൽ ശാസ്ത്രത്തിനുള്ള പങ്ക് ഏവർക്കും അറിവുള്ളതാണ്. മരുന്നായും മന്ത്രമായും സാങ്കേതിക വിദ്യയായും ശാസ്ത്രം മനുഷ്യന്റെ കൂടെയുണ്ട്. നിലവിലുള്ള സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തി കൊണ്ട് ശാസ്ത്രത്തെ എങ്ങനെ സമൂഹത്തിന് ഉപകാരപ്രദമാക്കി മാറ്റാൻ പറ്റും എന്നതാണ് ശാസ്ത്രീയ വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്. വെറും മാർക്ക് സ്കോർ ചെയ്യുന്നതിലുപരി പഠിയ്ക്കുന്ന അറിവിനെ എങ്ങനെ ഉപകാരപ്രദമാക്കാം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

### ലക്ഷ്യങ്ങൾ

- മനുഷ്യശരീരത്തെപ്പറ്റി പഠിപ്പിയ്ക്കുക.
- ലൈംഗിക വിദ്യാഭ്യാസം, പ്രാഥമിക ശുശ്രൂഷ, വാക്സിനേഷൻ മുതലായവയെപ്പറ്റി പഠിപ്പിയ്ക്കുക.
- പുസ്തകങ്ങളിലെ അറിവുകളെ എങ്ങനെ നിത്യ ജീവിതത്തിൽ ഉപകരിയ്ക്കാം എന്നതിനെപ്പറ്റി അറിവുണ്ടാക്കുക.
- വനം, വന്യജീവി, പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവാന്മാരാക്കുക.
- ജങ്ക് ഫുഡ്, ലഹരി മരുന്നുകൾ, പ്ലാസ്റ്റിക് എന്നിവയുടെ ദൂഷ്യവശങ്ങളെപ്പറ്റി അറിവുണ്ടാക്കുക.
- ഗവേഷണ മേഖലകളിലേയ്ക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുക.
- ശാസ്ത്രവിഷയങ്ങളിലെ ഉന്നത വിദ്യാഭ്യാസ മേഖലകളെ പരിചയപ്പെടുത്തുക.
- വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ജീവജാലങ്ങളെപ്പറ്റി അറിവുണ്ടാക്കുക. അവയെ എങ്ങനെ സംരക്ഷിയ്ക്കാമെന്ന് മനസ്സിലാക്കുക.
- സർവ്വോപരി മികച്ച അക്കാദമിക് നിലവാരമുണ്ടാക്കുക.

### പ്രശ്നങ്ങൾ

- ശാസ്ത്ര വിഷയങ്ങളിലുള്ള താല്പര്യമില്ലായ്മ
- സ്കൂളിലെ ഭൗതിക സാഹചര്യങ്ങളുടെ അഭാവം
- ഇംഗ്ലീഷ് ഭാഷയിലുള്ള അറിവില്ലായ്മ.
- നവമാധ്യമങ്ങളുടെ സ്വാധീനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | മനുഷ്യശരീരത്തെപ്പറ്റി പഠിപ്പിയ്ക്കുക. കൗമാരപ്രായത്തിലുണ്ടാകുന്ന ശാരീരിക, മാനസിക വ്യതിയാനങ്ങളെപ്പറ്റി ബോധവാന്മാരാക്കുക. ആർത്തവം, ആർത്തവ ശുചിത്വം മുതലായവയെപ്പറ്റി ബോധവാന്മാരാക്കുക. | 1. ചാർട്ട്, വീഡിയോ മുതലായവ ഉപയോഗിയ്ക്കുക.<br>2. ലൈംഗിക വിദ്യാഭ്യാസം നൽകുന്നതിനായി അതാതുരംഗങ്ങളിലെ വിദഗ്ദ്ധരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ മുതലായവ നടത്തുക.<br>3. പെൺകുട്ടികളെ ആത്മാഭിമാനമുള്ളവരാക്കി വളർത്താൻ വിദഗ്ദ്ധരുടെ സഹായത്തോടെ പ്രതിരോധ തന്ത്രങ്ങളിൽ പരിശീലനം കൊടുക്കുക. | ജൂൺ, ജൂലൈ | പി.ടി.എ അദ്ധ്യാപകർ |
| 2. | ഫസ്റ്റ് എയ്ഡ്, വാക്സിനേഷന്റെ ആവശ്യകത, ജീവിതശൈലീ രോഗങ്ങൾ മുതലായവയെപ്പറ്റി അവബോധമുള്ളവരാക്കുക. | 1. എല്ലാ കുട്ടികളെയും പ്രഥമശുശ്രൂഷ ചെയ്യിക്കാൻ പ്രാപ്തരാക്കുക.<br>2. മെഡിക്കൽ രംഗത്തെ വിദഗ്ദ്ധരുടെ സഹായത്തോടെ വാക്സിനേഷൻ, ജീവിതശൈലീ രോഗങ്ങൾ മുതലായവയെപ്പറ്റി ബോധവാന്മാരാക്കുക.<br>3. പാമ്പ് മുതലായ വിഷജീവികളെപ്പറ്റി അവബോധം സൃഷ്ടിയ്ക്കുന്നതിൽ, വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശിൽപശാലകൾ സംഘടിപ്പിയ്ക്കുക. | ജൂൺ, ജൂലൈ | പി.ടി.എ അദ്ധ്യാപകർ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 3. | പുസ്തകങ്ങളിലെ അറിവുകളെ എങ്ങനെ നിത്യജീവിതത്തിൽ ഉപകാരപ്രദമാക്കാം എന്നതിനെ പറ്റി അറിവുണ്ടാക്കുക. | 1. നാട്ടിലെ മുതിർന്നവരുമായി ഇടപഴകാൻ കുട്ടികൾക്ക് അവസരമൊരുക്കുക. അവർ ഉപയോഗിച്ചിരുന്ന കൃഷിരീതികൾ, മരുന്നുകൾ ചികിത്സാരീതികൾ മുതലായവ ചോദിച്ചു മനസ്സിലാക്കുക. | അധ്യയന വർഷം | അദ്ധ്യാപകർ |
| | | 2. നാട്ടറിവുകളെ ഉപയോഗപ്പെടുത്തുന്ന കൃഷിയിടങ്ങൾ സന്ദർശിയ്ക്കാൻ അവസരമൊരുക്കുക. | അധ്യയന വർഷം | അദ്ധ്യാപകർ |
| 4. | വനം, വന്യജീവി, പരിസ്ഥിതി സംരക്ഷണത്തെപ്പറ്റി ബോധവാന്മാരാക്കുക. | 1. പ്രധാന ദിനങ്ങളുടെ ആചരണം<br>2. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾ സംഘടിപ്പിയ്ക്കുക.<br>3. ട്രെക്കിങ്ങ്, സെമിനാറുകൾ മുതലായവ സംഘടിപ്പിയ്ക്കുക.<br>4. ചിത്രശലഭ ഉദ്യാനം നിർമ്മിയ്ക്കുക. | ജൂൺ ആദ്യ ആഴ്ച (പരിസ്ഥിതി ദിനം)<br>ഫെബ്രുവരി (വനം, വന്യജീവി)<br>സെപ്തംബർ-ഒക്ടോബർ | അദ്ധ്യാപകർ<br>പി.ടി.എ അദ്ധ്യാപകർ |
| 5. | ജങ്ക്ഫുഡ്, ലഹരി മരുന്ന്, പ്ലാസ്റ്റിക് മുതലായവയുടെ ദൂഷ്യവശങ്ങളെപ്പറ്റി അറിവുണ്ടാക്കുക. | 1. അതാത് രംഗങ്ങളിലെ വിദഗ്ധരുടെ സഹായത്താൽ ബോധവൽക്കരണ ക്യാംപുകൾ, ക്ലാസുകൾ മുതലായവ സംഘടിപ്പിക്കുക.<br>2. കൗൺസലിംഗിനുള്ള സൗകര്യമൊരുക്കുക.<br>3. പ്ലാസ്റ്റിക്കിന് പകരമായി ഉപയോഗിയ്ക്കാവുന്ന വസ്തുക്കളെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കുക. | അധ്യയന വർഷം | പി.ടി.എ |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 6. | ഗവേഷണ വിഷയങ്ങളിലേയ്ക്ക് കുട്ടികളെ ആകർഷിയ്ക്കുക. ശാസ്ത്ര വിഷയങ്ങളിലെ ഉന്നത വിദ്യാഭ്യാസ മേഖലകളെ പരിചയപ്പെടുത്തുക. | • നാടൻ ഭക്ഷ്യമേള നടത്തുക<br>• കരിയർ ഗൈഡൻസ് സെമിനാറുകൾ സംഘടിപ്പിയ്ക്കുക.<br>• സമീപ പ്രദേശങ്ങളിലെ ഫാക്ടറികൾ, ലാബുകൾ മുതലായവ സന്ദർശിയ്ക്കാൻ അവസരമൊരുക്കുക.<br>• പ്രസ്തുത മേഖലകളിലെ പ്രശസ്ത വ്യക്തികളുമായി ഇടപഴകാൻ അവസരമൊരുക്കുക. | അധ്യയന വർഷം | അധ്യാപകർ പി.ടി.എ |
| 7.<br>5. | മികച്ച അക്കാദമിക് നിലവാരമുണ്ടാക്കുക. | • ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ അധ്യാപനം രസകരമാക്കുക.<br>• പഠന നിലവാരം ഉയർത്തുന്നതിനായി സീരീസ് ടെസ്റ്റുകൾ, Quick revision, Surprise test മുതലായവ നടത്തുക<br>• പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിയ്ക്കുവാനാവശ്യപ്പെടുക.<br>• റെമഡിയൽ ടീച്ചിങ് നടത്തുക<br>• കുട്ടികൾക്കുവേണ്ടി, അവരെക്കൊണ്ടുതന്നെ വിവിധ മത്സരങ്ങൾ (Quiz, Poster designing, etc..) നടത്താൻ അവസരമൊരുക്കുക<br>• ക്ലാസ്സിലെ സമർത്ഥരായ കുട്ടികളുടെ സഹായത്തോടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുക. | ജൂൺ - മാർച്ച് | അധ്യാപകർ |

ഈ ഭൂമിയിൽ മറ്റേതൊരു ജീവിയ്ക്കും ഉള്ള പ്രാധാന്യമേ മനുഷ്യനും ഉള്ളൂ എന്ന ബോധ്യം ഉണ്ടാക്കിക്കൊടുക്കുക. മനുഷ്യനെപ്പോലെ തന്നെ എല്ലാ ജന്തുജാലങ്ങൾക്കും ഭൂമിയിൽ ജീവിയ്ക്കാൻ അവകാശമുണ്ട്. വിവേകശാലിയായ മനുഷ്യൻ മറ്റു ജീവജാലങ്ങളെയും സംരക്ഷിയ്ക്കാൻ ബാദ്ധ്യസ്ഥനാണ് എന്ന ബോധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.

# സസ്യശാസ്ത്രം (Botany)

## ആമുഖം

നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത മേഖലയാണ് സസ്യശാസ്ത്രം. സസ്യജാലം – പ്രകൃതിയില്ലാതെ മനുഷ്യരാശിക്ക് നിലനിൽപ്പില്ല, മനുഷ്യന്റെ ജീവവായുവാണ് സസ്യങ്ങൾ. സസ്യലോകത്തെ അറിയുന്ന പ്രകൃതിയെ സ്നേഹിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക സസ്യശാസ്ത്ര പഠനത്തിന്റെ ആത്യന്തികലക്ഷ്യം. നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടും സസ്യശാസ്ത്രത്തിൽ താൽപര്യം വളർത്തിയെടുക്കുക.

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ ശാസ്ത്രവിഷയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- സസ്യശാസ്ത്ര അവബോധമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുക.
- കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും, നിത്യജീവിതത്തിലെ ശാസ്ത്രതത്വങ്ങൾ കണ്ടെത്തുന്നതിനും, പ്രകൃതിയെക്കുറിച്ചറിയുന്നതിനും ശാസ്ത്രവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും.
- ഗവേഷണ മേഖലകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിപ്പിക്കുന്നതിന്
- ശാസ്ത്രവിഷയങ്ങളിലുള്ള വായനാശീലം വർദ്ധിപ്പിക്കുന്നതിന്
- പഠനനിലവാരം ഉയർത്തുകവഴി റിസൽറ്റ് മെച്ചപ്പെടുത്തുന്നതിന്. ഓരോ കുട്ടിയുടെയും സർഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ കണ്ടെത്തുകയും പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- ലഹരി വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുക

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | കുട്ടികളുടെ ശാസ്ത്രവിഷയങ്ങളിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കി കൊടുക്കുവാൻ ഹൈസ്കൂൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് സെമിനാറുകൾ അവതരിപ്പിക്കുക<br>2. ഓരോ ക്ലാസിനേയും ഗ്രൂപ്പ് ആക്കി തിരിച്ച് ഗ്രൂപ്പ് സ്റ്റഡി നടത്താൻ അവസരം ഒരുക്കുക.<br>3. ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ പഠനം എളുപ്പമുള്ളതാക്കുക.<br>4. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മുൻധാരണകൾ ശേഖരിച്ച് വർക്ക് ഷീറ്റ് തയ്യാറാക്കൽ<br>5. തുറന്ന പുസ്തക പരീക്ഷ | ജൂൺ<br><br>അധ്യയന വർഷം |
| 2. | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും, നിത്യജീവിതത്തിലെ ശാസ്ത്ര തത്വങ്ങൾ കണ്ടെത്തുന്നതിനും, പ്രകൃതിയെക്കുറിച്ചറിയുന്നതിനും ശാസ്ത്രവുമായി ബന്ധപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും. | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ അവതരിപ്പിക്കാൻ കുട്ടികൾക്ക് അറിവും അവസരവും നൽകുക.<br>2. തൊട്ടടുത്തുള്ള കൃഷിസ്ഥലങ്ങൾ, ബൊട്ടാണിക്കൽ ഗാർഡനുകൾ, സയൻസ് പാർക്കുകൾ, സയൻസ് മ്യൂസിയങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ, വന്യജീവി സങ്കേതങ്ങൾ, പുതിയ ശാസ്ത്രശാഖയായ ബയോടെക്നോളജിയുടെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കുന്നതിനായി കോളേജുകളിലെ ബയോടെക്നോളജി ലാബുകൾ സന്ദർശിക്കുകയും പരീക്ഷണങ്ങൾ നേരിട്ട് കാണാനുള്ള അവസരം കുട്ടികൾക്ക് ഉണ്ടാക്കിക്കൊടുക്കുന്നു. അതുവഴി സസ്യശാസ്ത്ര രംഗത്തേക്ക് കടന്നുവരാനുതകുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ കഴിയുന്നു. | അധ്യയന വർഷം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 3. | ഗവേഷണമേഖലകളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിപ്പിക്കുന്നതിന് | 1. കാർഷിക കോളേജുകൾ, ടിഷ്യു കൾച്ചർ ലാബുകൾ ഇവ സന്ദർശിക്കുന്നു.<br>2. കുട്ടികൾക്ക് സസ്യശാസ്ത്ര സാങ്കേതിക വിദ്യയെക്കുറിച്ച് അറിവും താല്പര്യവും ജനിപ്പിക്കുന്നു.<br>3. ശാസ്ത്രപതിപ്പ് തയ്യാറാക്കുന്നു. | ആഗസ്ത് |
| | | 4. സയൻസ് ക്ലാസ്സുകളിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുന്നു. സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങൾ നടത്തുക. ജൂൺ 5 പരിസ്ഥിതി ദിനത്തിൽ 'പരിസ്ഥിതി സംരക്ഷണം' നിലനിർത്തേണ്ടതിന്റെ ആവശ്യകത, വനസംരക്ഷണം ഇവയെകുറിച്ച് അവബോധമുണ്ടാക്കാൻ സെമിനാർ, ശാസ്ത്രനാടകം ഇവ സംഘടിപ്പിക്കുന്നു. | ജൂൺ |
| | | 5. പാഠഭാഗവുമായി ബന്ധപ്പെട്ട ഉദാഹരണങ്ങൾ നിത്യജീവിതത്തിൽ നിന്നും കണ്ടെത്താൻ പ്രേരിപ്പിക്കുന്നു.<br>6. ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br>7. ശാസ്ത്രസാഹിത്യപരിഷത്ത് പോലെയുള്ള സംഘടനയുടെ സഹായത്തോടെ ശാസ്ത്രക്ലാസ്സുകൾ, സംവാദം<br>8. ശാസ്ത്രസാഹിത്യ പരിഷത് പോലെയുള്ള സംഘടനയുടെ സഹായത്തോടെ സംവാദം, സെമിനാർ തുടങ്ങിയവ സംഘടിപ്പിക്കുന്നു.<br>9. പ്രകൃതിയെ അറിയാനും, ജൈവവൈവിധ്യവും, പരസ്പരാശ്രയത്വവും മനസ്സിലാക്കുന്നതിനും പഠനയാത്രകൾ, ജലസംരക്ഷണത്തെ ദീർഘവീക്ഷണത്തോടെ കണ്ട് തടയണ നിർമ്മാണം (എൻ.എസ്.എസ്. യൂണിറ്റിന്റെ സഹായത്തോടെ) | അധ്യയന വർഷം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| | | 10. കുട്ടികളുടെ സഹകരണത്തോടെ ജൈവവൈവിധ്യ പാർക്കുകൾ, ഔഷധ സസ്യത്തോട്ടം, പൂന്തോട്ട നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കുന്നു. ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് തുടങ്ങിയവ കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു, ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നു. ഒഴിവു വേളകളിൽ അധ്യാപികയും വിദ്യാർത്ഥികളും ചുറ്റുപാടുമുള്ള സസ്യജാലങ്ങൾ നിരീക്ഷിക്കുകയും അവയുടെ പൂവ്, കായ്, ഇല ഇവ നിരീക്ഷിക്കുകയും സസ്യവർഗത്തിൽ ഏതു കുടുംബത്തിൽ പെടുന്നു. എന്നിങ്ങനെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു. അതുവഴി വിരസമായ വേളകൾ ഉപയോഗപ്രദമാക്കുകയും രസകരമാക്കുകയും ചെയ്യുന്നു.<br>11. നാട്ടിൻപുറത്ത് നിന്നും ലഭിക്കുന്ന വിഭവങ്ങളുടെ ഗുണമേന്മ മനസ്സിലാക്കാൻ കാർഷികമേള, ഭക്ഷ്യമേള ഇവ സംഘടിപ്പിക്കുന്നു.<br>12. വീട്ടിലും സ്കൂളിലും ജൈവ പച്ചക്കറിത്തോട്ട നിർമ്മാണം.<br>വീട്ടിലെ ജൈവ പച്ചക്കറിത്തോട്ടത്തിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ വില്പനയ്ക്ക് വിധേയമാക്കി അതുവഴി ലഭിക്കുന്ന ധനം പഠനാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു.<br>13. വലിച്ചെറിയുന്ന പാഴ്‌വസ്തുവിൽ നിന്നും ഒരു സസ്യത്തെ ഉല്പാദിപ്പിക്കൽ.<br>വലിച്ചെറിയുമ്പോൾ പ്രകൃതിയ്ക്ക് ദോഷം ചെയ്യാത്ത പേപ്പർ പേനകൾ നിർമ്മിക്കുകയും അതിൽ ഒരു സസ്യത്തിന്റെ വിത്ത് സൂക്ഷിക്കുകയും ആ വിത്തിലൂടെ ഒരു സസ്യം പുനർജ്ജനിക്കുന്നു. ഇങ്ങനെ ചെയ്യുക വഴി പ്രകൃതിയുമായി ഇഴകി ജീവിക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കാൻ കഴിയുന്നു. | അധ്യയന വർഷം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 4. | ശാസ്ത്രവിഷയങ്ങളി ലുള്ള വായനാശീലം വർദ്ധിപ്പിക്കുന്നതിന് | 1. ക്ലാസ്സിൽ സയൻസ് ലൈബ്രറി രൂപീ കരിക്കുകയും, പുസ്തകം പരിചയ പ്പെടുത്താനുള്ള അവസരം ഉണ്ടാക്കു കയും ചെയ്യുക. ശാസ്ത്രമേള, ക്വിസ് തുടങ്ങിയവയിൽ (ശാസ്ത്രവിഷയവു മായി ബന്ധപ്പെട്ട വിഷയങ്ങളിൽ) വിജയികളാകുന്നവർക്ക് ശാസ്ത്രസ ബന്ധമായ പുസ്തകങ്ങൾ സമ്മാന മായി നൽകുക. | അധ്യയന വർഷം |
| 5. | ലഹരി വിമുക്ത ക്യാമ്പസ് | 1. ലഹരി ഉപയോഗംകൊണ്ടുള്ള ദോഷ വശങ്ങൾ ദൃശ്യമാധ്യമങ്ങളുടെ സഹായ ത്തോടെ കുട്ടികളെ മനസ്സിലാക്കുക. ബോധവത്കരണം നടത്തുക.<br>2. ആവശ്യമുള്ള കുട്ടികൾക്ക് കൗൺസ ലിംഗ് നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.<br>3. എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ക്ലാസ്സുകൾ സംഘടി പ്പിക്കുക.<br>4. ക്യാൻസർ സെന്റർ സന്ദർശിക്കുക. | ജൂൺ |
| 6. | പഠനനിലവാരം ഉയർത്തുക വഴി റിസൽറ്റ് മെച്ചപ്പെടുത്തുന്നതിന് | 1. Quick revision നടത്താനായി സസ്യശാസ്ത്ര ഡിക്ഷ്ണറി (ഓരോ യൂണിറ്റിലെയും പ്രധാന ആശയങ്ങൾ) നിർമ്മാണം<br>2. ചിത്രങ്ങൾ ചാർട്ട് രൂപത്തിലാക്കി പ്രദർശിപ്പിക്കുക.<br>3. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് യൂണിറ്റ് ബന്ധിത ചോദ്യാവലി തയ്യാ റാക്കി ക്വിസ് നടത്തുന്നു.<br>4. സീരീസ് ടെസ്റ്റ് നടത്തി Answer key കൊടുത്ത് കുട്ടികളെ കൊണ്ടു തന്നെ മൂല്യനിർണം നടത്തുന്നു.<br>5. ആനിമേഷൻ കാണിക്കുക വഴി സസ്യ ങ്ങളിലെ പ്രവർത്തനങ്ങൾ ശരിയായ രൂപത്തിൽ കുട്ടികൾക്ക് ബോധ്യപ്പെ ടുത്തി കൊടുക്കുന്നു.<br>6. നിലവാരം മെച്ചപ്പെടുത്താൻ വൈകു ന്നേരങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അധ്യയന വർഷം |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- | --- |
| 7. | ഉന്നത മേഖലയിലെ തൊഴിൽ സാധ്യതകൾ നേടുന്നതിന് | 1. പഠന നിലവാരം ഉയർന്ന വിദ്യാർത്ഥികൾക്ക് പലതരം എൻട്രൻസ് പരീക്ഷകളെ കുറിച്ച് അവബോധമുണ്ടാക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. എൻട്രൻസ് മുൻനിർത്തിയുള്ള പാഠ്യരീതി പ്രാവർത്തികമാക്കുന്നു. സസ്യശാസ്ത്രം പഠിക്കുക വഴി ലഭിക്കുന്ന ജോലിസാധ്യതകൾ മനസ്സിലാക്കാനുതകുന്ന കരിയർ മാഗസിനുകൾ ഇന്റർനെറ്റ് വെബ്സൈറ്റുകൾ എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ഡിസംബർ മുതൽ ഏപ്രിൽ |

ഓരോ കുട്ടിയുടെയും സർഗ്ഗപരവും, അക്കാദമികവും, കായികവുമായ കഴിവുകൾ കണ്ടെത്തുകയും പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുകയും വേണം. ഇന്റർനെറ്റ്, സയൻസ് മാഗസിനുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ അറിവിന്റെ മേഖലകൾ കണ്ടെത്താൻ കുട്ടികളെ പ്രേരിപ്പിക്കുകയും, സസ്യജാലത്തെ സംരക്ഷിക്കുന്ന, പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്ന ഒരു പുതിയ തലമുറയെ വാർത്തെടുക്കുക.

ചുമതല: ശാസ്ത്ര അധ്യാപകർ, പിടി.എ., രക്ഷാകർത്താക്കൾ

# Computer Science

## ആമുഖം

ലോകത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും ഇന്ന് കമ്പ്യൂട്ടറിന്റെ സഹായമില്ലാതെ നടക്കില്ല. കമ്പ്യൂട്ടർ സയൻസ് എന്ന വിഷയം വളരെയധികം മാറ്റങ്ങൾ താഭിമുഖീകരിക്കുന്നുണ്ട്. ഇത് ഉൾക്കൊണ്ട് വേണം അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും മുന്നോട്ടേക്കുള്ള യാത്ര തുടരാൻ.

## നേരിടുന്ന പ്രശ്നങ്ങൾ

1. **അക്കാദമികം**
   a) സാങ്കേതികവിദ്യയിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിൽ താമസം.
   b) പ്രോഗ്രാം ലോജിക് മനസ്സിലാക്കുന്നതിനുള്ള വിഷമം
   c) ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനക്കുറവ്
   d) അടിസ്ഥാനഗണിതം ഉൾക്കൊള്ളാൻ പറ്റുന്നില്ല.

2. **ഭൗതികം**
   a) പുതിയ രീതിയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ഉപകരണങ്ങളുടെ അഭാവം.
   b) ക്ലാസ്സിൽ ഉള്ള കുട്ടികളുടെ എണ്ണം
   c) ലാബിലെ കമ്പ്യൂട്ടറിന്റെ എണ്ണത്തിലുള്ള കുറവ്

3. **സാമൂഹികം**
   a) വിഷയത്തിൽ പ്രാവീണ്യം നേടിയവരെ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.

## പ്രശ്നവിശകലനം

### അക്കാദമികം

a) സാങ്കേതിക വിദ്യയിൽ വരുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിലുള്ള താമസം (വിഷയത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റങ്ങൾ)

| | കാരണം | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|---|
| കുട്ടി | മാറ്റങ്ങൾ അറിയാതെ പോകുന്നു | മാധ്യമങ്ങളുമായി സമ്പർക്കം കാത്തുസൂക്ഷിക്കുക | ടി.വി. ന്യൂസ്പേപ്പർ, നവമാധ്യമങ്ങൾ ശ്രദ്ധയോടെ വീക്ഷിക്കുക |
| ടീച്ചർ | പാഠപുസ്തകത്തിന് പുറത്തുള്ളത് അറിയാതെ പോകുന്നു | പുതിയ സാങ്കേതിക വിദ്യകളെ കുറിച്ചുള്ള അറിവ് നേടുക | കിട്ടാവുന്ന എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തുക |
| രക്ഷിതാവ് | പുതിയ സാങ്കേതിക വിദ്യകൾ അറിയാതെ പോകുന്നു | പുതു തലമുറക്കൊപ്പം നടക്കുക | സാങ്കേതിക വിദ്യകളെ കുറിച്ച് അറിവ് നേടുക |
| സംവിധാനം | പാഠപുസ്തകത്തിലുള്ളത് പെട്ടെന്ന് പഴയതാകുന്നു. | മറ്റു വിഷയങ്ങളെക്കാളും മുൻപേ പാഠ്യപദ്ധതി പരിഷ്കരണം | ഓരോ വർഷവും പരിഷ്കരണം |

b) Lack of Logical Thinking

| | കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|---|
| കുട്ടി | പുതിയ ഒരു കൺസെപ്റ്റ് പഠിക്കുന്നു. | ലോജിക് വളർത്തുന്ന രീതിയിലുള്ള ഭാഗങ്ങൾ വേണം. | അതിനുവേണ്ട ബോധനം |
| ടീച്ചർ | ലോജിക് വളർത്താൻ പ്രയാസപ്പെടുന്നു | നൂതന പഠന പ്രക്രിയകൾ ഉപയോഗപ്പെടുത്തുക | ലോജിക് ഗെയിംസ് |
| രക്ഷിതാവ് | പ്രശ്നത്തെക്കുറിച്ച് അറിവില്ലായ്മ | രക്ഷിതാക്കൾക്ക് ബോധനം നൽകൽ | ക്ലാസ്സ് പി.ടി.എ. |
| സംവിധാനം | താഴ്ന്ന ക്ലാസ്സുകളിലേക്കുള്ള പ്രവർത്തനത്തിന്റെ അപര്യാപ്തത | | സമഗ്ര പാഠ്യപദ്ധതി പരിഷ്കരണം |

c) ഇംഗ്ലീഷ് ഭാഷയിലുള്ള അവഗാഹക്കുറവ്

കാരണങ്ങൾ - വാക്കുകളിലെ അക്ഷരങ്ങൾ പഠിക്കാതെ പോയി. പദ വിന്യാസത്തിൽ വേണ്ടത്ര ശ്രദ്ധിച്ചില്ല. പദങ്ങളിലെ അക്ഷരങ്ങൾ പഠിക്കുന്നതിന്റെ പ്രാധാന്യം കുറഞ്ഞു.

പരിഹാരം - ധാരാളമായി ഉപയോഗിക്കുന്ന പദങ്ങൾ ശ്രദ്ധിക്കുക. പ്രസംഗങ്ങൾ കേൾക്കുക, ന്യൂസ് പേപ്പർ വായിക്കുക.

d) അടിസ്ഥാനഗണിതത്തിലുള്ള അവഗാഹക്കുറവ്

കാരണങ്ങൾ - ഹൈസ്കൂൾ തലം വരെ ഉള്ള പഠനം വേണ്ടവിധ ത്തിൽ ഉൾക്കൊണ്ടില്ല.

പരിഹാരം - ലളിതക്രിയകൾ ചെയ്തു പഠിക്കുക.

## വിവരണം

1. **മാറ്റങ്ങൾ ഉൾക്കൊള്ളൽ**

കമ്പ്യൂട്ടർ സയൻസ് മാറ്റങ്ങൾക്ക് വിധേയമായതിനാൽ അത് അറിയുവാൻ വേണ്ടി മാധ്യമങ്ങളിൽ വരുന്ന വിവരങ്ങൾ കണ്ടെത്തി ഉൾക്കൊള്ളേണ്ടതുണ്ട്.

2. **Logical thinking വളർത്തിയെടുക്കൽ**

കുട്ടികളെ സംബന്ധിച്ച് പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ ഒന്നും പരിഗണിക്കപ്പെടാതെപോകുന്ന വിഷയമാണ്. ഹയർ സെക്കന്ററിയിൽ വരുന്നതിന് മുൻപുള്ള പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തി യുക്തിചിന്ത വളർത്തിയെടുക്കുക.

3. **അടിസ്ഥാനഗണിതം**

പ്രോഗ്രാമിങ്ങിന്റെ അടിസ്ഥാനം ഗണിതമില്ലാതെ സാധിക്കില്ല. അതുകൊണ്ട് കുട്ടികൾ വിഷയത്തിലേക്ക് കടക്കുന്നതിന് മുൻപ് അടിസ്ഥാന ഗണിതത്തിൽ കഴിവ് ലഭിക്കണം.

4. **ഇംഗ്ലീഷ് പരിജ്ഞാനം**

പ്രോഗ്രാം പഠിക്കണമെങ്കിൽ അതിൽ ഉപയോഗിക്കുന്ന സാങ്കേതിക പദങ്ങളുടെ ഇംഗ്ലീഷ് വാക്കുകൾ തെറ്റാതെ എഴുതാൻ അറിഞ്ഞിരിക്കണം.

1. **വിഷയത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ**

Aim - മാറ്റങ്ങൾ എത്രയും വേഗം എത്തിക്കുക.

Activities - പുതിയ ടെക്നോളജി റിലേറ്റഡ് ന്യൂസ് ശേഖരിക്കുക. വിദ്യാർത്ഥികളുടെ ഗ്രൂപ്പ് നിരന്തരമായി ചെയ്തിരിക്കണം.

- വിദഗ്ദ്ധരെ ഉൾപ്പെടുത്തി ക്ലാസ്സ് കൊടുക്കുക. വർഷത്തിൽ രണ്ടുതവണ സബ്ജക്റ്റ് എക്സ്പേർട്സ്മാരുടെ സേവനം ഉപയോഗിക്കാം.

2. **Lack of Logical Thinking**

Aim - എല്ലാ വിദ്യാർത്ഥികളിലും ലോജിക് ഡെവലപ് ചെയ്യുക.

Activities - കുട്ടികളുടെ നിലവാരം അക്കാദമിക വർഷത്തിന്റെ ആദ്യം തന്നെ വിലയിരുത്തുക. ലോജിക് ഇംപ്രൂവ് ചെയ്യുന്നതിനുള്ള ഗെയിംസ്, ആപ്പ് എന്നിവ പരിചയപ്പെടുത്തുക.

3. **അടിസ്ഥാനഗണിതത്തിലുള്ള അവഗാഹക്കുറവ്**

Aim - ഗണിതത്തിൽ അറിവ് നേടൽ

Activities - വിഷയം പഠിപ്പിക്കുന്ന അധ്യാപകൻ അക്കാദമിക വർഷത്തിന്റെ ആദ്യം തന്നെ കുട്ടികളുടെ സ്ഥിതി വിലയിരുത്തുക. കണക്കുകൾ ഉൾപ്പെടുന്ന ചോദ്യപേപ്പർ തയ്യാറാക്കുക.

4. **ഇംഗ്ലീഷ് ഭാഷയിലുള്ള അവഗാഹക്കുറവ്**

Aim - വിഷയത്തിൽ ഉപയോഗിക്കേണ്ട പദങ്ങളുടെ അറിവ് എത്തിക്കുക.

Activities - നിലവാരം വിലയിരുത്തി, ഉപയോഗിക്കേണ്ടിവരുന്ന പദങ്ങൾ പരിചയപ്പെടുത്തുക.

# ഗണിതം (Mathematics)

## ആമുഖം

എല്ലാ കുട്ടികളുടെയും ഗണിതത്തോടുള്ള ഭയം മാറ്റി അവർ ഗണിതം ആസ്വദിക്കുന്ന അവസ്ഥ ഉണ്ടാവണം. ഗണിതമെന്നാൽ കുറെ സൂത്രവാക്യങ്ങൾ മനഃപാഠമാക്കലെല്ല എന്നും എല്ലാവർക്കും ഗണിതം പഠിക്കുവാൻ കഴിയും എന്നുമുള്ള ഒരു വിശ്വാസം നൽകുവാൻ കഴിയുന്ന രീതിയിലുള്ള പഠനമാണ് നമുക്കു വേണ്ടത്.

### പ്രശ്നങ്ങൾ

**(i) അക്കാദമികം:**

1) +1, +2 ക്ലാസ്സുകളിലെ എല്ലാവർക്കും ആ ക്ലാസ്സുകളിൽ നിർദ്ദേശിച്ചിട്ടുള്ള ഗണിതശേഷികൾ നേടുവാൻ സാധിക്കുന്നില്ല.
2) കുട്ടികൾക്ക് ചെറിയ ക്ലാസ്സുകളിലെ അടിസ്ഥാന ആശയങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ല.
3) I.C.T. സാധ്യതകൾ ഉപയോഗിക്കുന്നതിന് പരിമിതികളുണ്ട്.

**(ii) ഭൗതികം:**

1) ഗണിത ലാബിന്റെ അഭാവം.
2) ഗണിതവുമായി ബന്ധപ്പെട്ട് ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.
3) I.C.T. സാധ്യതകൾ ഉപയോഗിച്ചുള്ള പഠനത്തിന് ക്ലാസ്സ് റൂമുകളും കമ്പ്യൂട്ടർ ലാബും പൂർണ്ണമായും സജ്ജമല്ല.
4) പ്രവർത്തനാധിഷ്ഠിത പഠനത്തിന് വിദ്യാർത്ഥികളുടെ എണ്ണം തടസ്സമാകുന്നു.

**(iii) സാമൂഹികം:**

വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ ഗണിത കഴിവുകൾ സ്കൂളിന് ഉപയോഗിക്കാനാവുന്നില്ല.

വിശകലനം

| കാരണം | പരിഹാര നിർദ്ദേശം |
|---|---|
| • ഗണിതം ബുദ്ധിമുട്ടാണ് എന്ന മുൻവിധിയോടെ സമീപിക്കുന്നു. | ഗണിതത്തിൽ താത്പര്യമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ചെയ്യുന്നു |
| • അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ് | ആദ്യം തന്നെ ടെസ്റ്റ് നടത്തി നിലവാരം നിർണ്ണയിച്ച് അടിസ്ഥാന ശേഷികൾ ഉറപ്പാക്കുന്നു. ക്ലാസ്സ് ലൈബ്രറികളിൽ ചെറിയ ക്ലാസ്സുകളിലെ ടെക്സ്റ്റുകൾ സൂക്ഷിക്കുന്നു. |
| • നിത്യജീവിതവുമായി ആശയങ്ങളെ ബന്ധപ്പെടുത്താൻ സാധിക്കുന്നില്ല. | പരമാവധി സന്ദർഭങ്ങളിൽ ആശയങ്ങളെ നിത്യജീവിതവുമായി ബന്ധിപ്പിക്കുന്നു. |
| • പഠിക്കുന്ന വസ്തുക്കളുടെയും രൂപങ്ങളുടെയും ത്രിമാന രൂപങ്ങളും പ്രത്യേകതകളും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. | പ്രവർത്തനങ്ങൾക്ക് ഗണിതലാബ്, കമ്പ്യൂട്ടർ ലാബ് ഉപയോഗിക്കുന്നു. |
| • ആശയം കൃത്യമായി വിനിമയം ചെയ്യാനുള്ള സമയക്കുറവ് | I.C.T. അധിഷ്ഠിത ക്ലാസ്സുകൾ കൈകാര്യം ചെയ്യുക. |
| • വീടുകളിലെ പഠനാന്തരീക്ഷത്തിന്റെ പോരായ്മ | ക്ലാസ്സ് P.T.A, ഗൃഹസന്ദർശനം |

# വാണിജ്യം (Commerce)
# സാമ്പത്തിക ശാസ്ത്രം (Economics)

**ലക്ഷ്യങ്ങൾ**

I വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുവാൻ.

**പ്രവർത്തനങ്ങൾ**

a) സംവാദം, സെമിനാർ, റോൾ-പ്ലേ, ചർച്ചകളും സംഘടിപ്പിക്കുക - 1 അക്കാദമിക വർഷം.

b) പാഠഭാഗങ്ങൾ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ആരംഭിക്കുകയും, ക്ലാസ്സുകളിൽ ചർച്ചകൾ നടത്തുകയും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും അറിയാവുന്ന കാര്യങ്ങളിൽ നിന്നും അറിയാത്ത കാര്യങ്ങളിലേക്ക് എത്തിക്കുന്നു. പഠനപ്രക്രിയയുടെ ഭാഗമായി ഓരോ പീരീഡിന്റെയും അവസാനം ആ ക്ലാസ്സിൽ എടുത്ത വിഷയത്തെ അപ ഗ്രഥിക്കാനും, ക്രോഡീകരിക്കാനും വിദ്യാർത്ഥിയെ ഏൽപ്പിക്കുന്നു.

II വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുകയും/ ശ്രദ്ധ വർദ്ധിപ്പിക്കാനും / പരീക്ഷാപേടി കുറക്കാനും

**പ്രവർത്തനങ്ങൾ**

a) ഓപ്പൺ എക്സാം - ഒരു അക്കാദമിക് വർഷത്തിൽ 3 പ്രാവശ്യം

b) സമർത്ഥരായ വിദ്യാർത്ഥികളെ മൂല്യനിർണ്ണയം ഏൽപ്പിക്കുക - 1 അക്കാദമിക് വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം.

III പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

a) ബേങ്കിംഗ് ബോധവൽക്കരണം- ബേങ്കിംഗ് മേഖലയിലുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാല സംഘടിപ്പിക്കുക.

b) വാണിജ്യ ക്വിസ്, സാമ്പത്തിക ക്വിസ് എന്നിവ സ്കൂൾ തലത്തിലും, ക്ലാസ്സ് തലത്തിലും സംഘടിപ്പിക്കുക.

c) വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കുക - ഒക്ടോബർ

IV സാമൂഹിക പരിജ്ഞാനം, മാനേജ്മെന്റ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

a) പഠനയാത്ര സംഘടിപ്പിക്കുക. പഠനയാത്രയുടെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളും വിദ്യാർത്ഥികളെ ഏൽപ്പിക്കുന്നു. - വർഷത്തിൽ ഒരിക്കൽ

b) പ്രഗത്ഭരായ ബിസിനസ്സ് വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അവരുടെ അനുഭവങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുക - അക്കാദമിക വർഷത്തിൽ 2 പ്രാവശ്യം.

c) കോമേഴ്സ് ക്ലബ് രൂപീകരിക്കുക.

d) പ്രധാനപ്പെട്ട ദിനാചരണങ്ങൾ നടത്തുക.

e) സാമൂഹ്യ സാമ്പത്തിക മേഖലകളെ അടിസ്ഥാനമാക്കിയുള്ള സർവ്വേകൾ സംഘടിപ്പിക്കുക.

V സംരംഭകത്വ നൈപുണി വികസിപ്പിച്ച് സ്വയം പര്യാപ്തതയിലെത്തുന്നതിന്

**പ്രവർത്തനങ്ങൾ**

a) കോമേഴ്സ് സ്റ്റാൾ ആരംഭിക്കുക. - ഇതിലൂടെ ബിസിനസ്സിന്റെ മുഴുവൻ പ്രവർത്തനങ്ങളും വിദ്യാർത്ഥികളെ ഏൽപ്പിക്കുക. ഓരോരുത്തരുടെയും ചുമതലകൾ ആഴ്ചയിൽ മാറ്റിക്കൊണ്ടിരിക്കുക.

VI അക്കൗണ്ടിന്റെ അടിസ്ഥാന പദങ്ങൾ പഠിപ്പിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

a) ഒരു കട ആരംഭിക്കുന്നതും അതിലെ മറ്റ് പ്രവർത്തനങ്ങളും ഒരു കഥയിലൂടെ വിവരിക്കുക. അതിലൂടെ ആസ്തികളെ കുറിച്ചും, ബാധ്യതകളെ കുറിച്ചും, ലാഭത്തിനെ കുറിച്ചും, നഷ്ടത്തിനെ കുറിച്ചും, ചിലവുകളെ കുറിച്ചും, വരവുകളെ കുറിച്ചും വിദ്യാർത്ഥികൾക്ക് മനസ്സിലാവുന്നു.

VII കുടുംബ ബജറ്റ് തയ്യാറാക്കുന്നതിന് കുട്ടികളെ സജ്ജരാക്കുകയും / കുടുംബത്തിന്റെ വരവ് ചെലവുകൾ നടത്തിക്കൊണ്ടു പോകുന്നതിൽ രക്ഷാകർത്താക്കളുടെ പങ്ക് മനസ്സിലാക്കിക്കൊടുക്കുവാനും.

**പ്രവർത്തനങ്ങൾ**

a) കുടുംബത്തിന്റെ ഓരോ ദിവസത്തേയും വരവും ചെലവും എഴുതുവാൻ ആവശ്യപ്പെടുന്നു. ഒരു മാസത്തിനുശേഷം വരവും ചെലവും വിശക

ലനം ചെയ്യാൻ പറയുകയും അതിലൂടെ കുടുംബത്തിൽ പണത്തെ എങ്ങനെ മാനേജ് ചെയ്യുന്നു എന്നും അതിലൂടെ കുടുംബ ബജറ്റ് തയ്യാറാക്കാനും കുട്ടികൾ പഠിക്കുന്നു.

VIII വായനാശീലം, റെഫറൻസ് എന്നിവ വളർത്തുന്നതിന്- ദീർഘകാലം

**പ്രവർത്തനങ്ങൾ**

a) ക്ലാസ്റൂം ലൈബ്രറി സ്ഥാപിക്കുക - ദീർഘകാലം.
b) കുട്ടികളുടെ ജന്മദിനത്തിന് ബുക്സ് സമ്മാനമായി സ്വീകരിക്കുക.
c) ക്ലാസ്സിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വായനാശീലം വളർത്തുക.
d) ഡിജിറ്റൽ ലൈബ്രറി.
e) സാമ്പത്തിക, വാണിജ്യ വാർത്താ ബോർഡ്.
f) സാമ്പത്തിക ശാസ്ത്ര ക്ലബ് രൂപീകരിക്കുന്നു.

IX 100% വിജയം ഉറപ്പുവരുത്തുവാനും അതിൽ 15% മുഴുവൻ എ+ നേടുവാനും.

**പ്രവർത്തനങ്ങൾ**

a) പരീക്ഷകൾ യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തുക - ജൂൺ മുതൽ മാർച്ച് വരെ
b) ശരാശരിയിൽ താഴെ പഠന നിലവാരമുള്ള കുട്ടികൾക്ക് വേണ്ടി പ്രശ്നപരിഹാര പാഠ്യപദ്ധതി
c) സമർത്ഥരായ വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക പരിശീലനം.

X പുനസ്ഥാപിക്കപ്പെടാൻ കഴിയാത്ത വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗത്തെ സംബന്ധിച്ചുള്ള ബോധവത്കരണത്തിന്.

**പ്രവർത്തനങ്ങൾ**

a) വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക.
b) ഗതാഗത വൈദ്യുത രംഗത്തെ നൂതന സംവിധാനങ്ങളായ ഇലക്ട്രിക് - സോളാർ വാഹനങ്ങളുടെ ഉപയോഗത്തെക്കുറിച്ചും, പരിസ്ഥിതി/ ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ഉള്ള വീഡിയോ പ്രദർശനവും സെമിനാറും സംഘടിപ്പിക്കുന്നു.

XI ദേശീയവരുമാനത്തെ (National Income) കുറിച്ച് പരിജ്ഞാനം ലഭിക്കുന്നതിനുവേണ്ടി.

പ്രവർത്തനങ്ങൾ

a) വാർഡ്തല പഞ്ചായത്ത് സാമ്പത്തിക സർവ്വേയിലൂടെ ആ പ്രദേശത്തെ വരുമാന സ്രോതസ്സുകളെ കുറിച്ച് കുട്ടികൾ മനസ്സിലാക്കുകയും അതിലൂടെ ദേശീയ വരുമാനം എന്ന ആശയത്തിലേക്ക് കുട്ടി എത്തിച്ചേരും.

XII സാമ്പത്തിക ശാസ്ത്രത്തിലെ വിവിധ സാങ്കേതിക പദങ്ങൾ മനസ്സിലാക്കിക്കുന്നതിന്

പ്രവർത്തനങ്ങൾ

a) കുടുംബശ്രീ യൂണിറ്റുകളുടെ സോപ്പ് നിർമ്മാണശാല സന്ദർശിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സിൽ ചർച്ച സംഘടിപ്പിക്കുന്നു.

b) വിവിധ ക്ലാസ് പരീക്ഷകളുടെ മാർക്കിന്റെ താരതമ്യ പഠനത്തിലൂടെ ശരാശരി, സഹബന്ധം മുതലായ പദങ്ങൾ മനസ്സിലാക്കുന്നു.

# രാഷ്ട്രമീമാംസ (Political Science)

## ആമുഖം

മാലൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ വരുന്ന മൂന്ന് വർഷങ്ങൾകൊണ്ട് മികവിന്റെ കേന്ദ്രമാക്കി മാറ്റാനും പ്രത്യേകിച്ച് ഹയർ സെക്കന്ററി വിഷയമായ "പൊളിറ്റിക്കൽ സയൻസി"ൽ മികവുള്ളവരാക്കി മാറ്റാനും ലക്ഷ്യം വെക്കുന്നു.

## ലക്ഷ്യങ്ങൾ

1) അന്തർദേശീയ നിലവാരമുള്ള വിദ്യാഭ്യാസം നൽകുക.
2) ഉൽകൃഷ്ടമായ അക്കാദമിക നിലവാരവും 100% വിജയവും അതിൽ തന്നെ ഏറ്റവും കുറഞ്ഞത് 15% മുഴുവൻ എ+ ഉം. ലക്ഷ്യം വയ്ക്കുന്നു.
3) മികച്ച നിലവാരമുള്ള കുട്ടികളെ നമ്മുടെ സ്കൂളിലേക്ക് ആകർഷിക്കുവാനും അതിൽ തന്നെ കോമേഴ്സ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുവാനും.
4) ദേശീയ, അന്തർദേശീയ നിലവാരമുള്ള കുട്ടികളോട് മത്സരിക്കത്തക്ക നിലവാരത്തിലേക്ക് നമ്മുടെ കുട്ടികളെ ഉയർത്തുന്നതിന്.
5) പൊളിറ്റിക്കൽ സയൻസും അനുബന്ധ വിഷയങ്ങളിലും അക്കാദമിക നിലവാരമുയർത്തുന്നതിനേയും ലക്ഷ്യം വയ്ക്കുന്നു.

## പ്രവർത്തനങ്ങൾ

1) **സ്കൂൾ ലൈബ്രറി**
   - കുട്ടികളുടെ അക്കാദമിക നിലവാരമുയർത്തുന്നതിനായ് സ്കൂൾ ലൈബ്രറി ശക്തമാക്കുന്നു.
   - സ്കൂൾ ലൈബ്രറിയെ, പോളിറ്റിക്കൽ സയൻസ്, സാമൂഹ്യ രാഷ്ട്രീയ, സാംസ്കാരിക വിഷയങ്ങൾ ഉൾപ്പെടുന്ന പുസ്തകങ്ങളാൽ സമ്പുഷ്ടമാക്കുന്നു.
   - ആദ്യപടിയായുള്ള പ്രവർത്തനം ആഗസ്ത് 2018-ൽ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കുന്നു.

2) റീഡിംഗ് കോർണർ

- പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായ് റീഡിംഗ് കോർണർ ആരംഭിക്കുകയും മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാധ്യമം, ഔട്ട്ലുക്ക്, ഇന്ത്യാ ടുഡേ, പത്രമാധ്യമങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നു.
- നിശ്ചിത സമയത്തിനുള്ളിൽ പത്രമാധ്യമങ്ങൾക്കും മറ്റ് പ്രസിദ്ധീകരണങ്ങൾക്കും അനുബന്ധ ഫർണിച്ചറിനുമായ് ആവശ്യമായ സ്പോൺസർമാരെ കണ്ടെത്തുന്നു.
- 2018 ജൂൺ ആദ്യവാരം ഇത്തരം പ്രവർത്തനങ്ങൾ ആരംഭിക്കാമെന്ന് പദ്ധതി ഇടുന്നു.

3) വാർത്താശേഖരം

- വിദ്യാർത്ഥികളെ പത്രമാധ്യമങ്ങളിൽ നിന്നും മറ്റ് ശ്രോതസ്സുകളിൽ നിന്നും പോളിറ്റിക്കൽ സയൻസുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കുകയും പ്രത്യേകം തയ്യാറാക്കിയ ബോർഡിൽ ദിവസേന പ്രദർശിപ്പിക്കുകയും ചെയ്യുന്നു.
- 2018 ജൂൺ ആദ്യവാരം ഈ പ്രവർത്തനം ആരംഭിക്കാൻ ലക്ഷ്യമിടുന്നു.

4) ഫീൽഡ് സന്ദർശനം

- ലഭ്യമാകുന്ന പ്രാദേശീക, ദേശീയ ഗവൺമെന്റ് സ്ഥാപനങ്ങളിലേക്ക് കുറഞ്ഞത് രണ്ട് ഫീൽഡ് വിസിറ്റുകൾ നടത്താൻ ലക്ഷ്യം വയ്ക്കുന്നു.
- ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, കലക്ടറേറ്റ് തുടങ്ങിയവയും ഉൾപ്പെടുത്തുന്നു.
- അതോടൊപ്പം നിയമനിർമ്മാണ, അംഗീകാര പ്രവർത്തനങ്ങളും നടപടിക്രമങ്ങളും, ശൈലിയും ഉൾപ്പെടുത്തി വിദ്യാർത്ഥികളിൽ ജനാധിപത്യ സ്ഥാപനങ്ങളോടുള്ള ആദരവ് വളർത്തിയെടുക്കുന്നു.

5) പൊളിറ്റിക്കൽ സയൻസ് രൂപീകരണം

- പൊളിറ്റിക്കൽ സയൻസ് ക്ലബ് രൂപീകരിക്കുകയും വിദഗ്ദ്ധർ നയിക്കുന്ന ക്ലാസ്സുകൾ ക്ലബ്ബിന്റെ മേൽനോട്ടത്തിൽ നടത്തുകയും ചെയ്യുന്നു.
- ഗവൺമെന്റ് വകുപ്പുകളിലേയും, കോളേജുകൾ, അടുത്തുള്ള

സ്കൂളുകൾ, സാമൂഹ്യപ്രവർത്തകർ, സന്നദ്ധസംഘടനാപ്രവർത്തകർ തുടങ്ങിയവരെ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ തുടരുന്നു.

6) ഇ-റീഡിംഗ് സൗകര്യമൊരുക്കൽ

- വിദ്യാർത്ഥികൾക്ക് ആവശ്യമായ ലാപ്ടോപ്, കിൻഡിൽ, ടാബുകൾ തുടങ്ങിയവ നൽകിയും സൗജന്യ വൈ ഫൈ സൗകര്യമൊരുക്കിയും കുട്ടികളിൽ ഇ-വായന പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു.
- ഈ പ്രവർത്തനം വഴി അന്താർദേശീയ നിലവാരമുള്ള സ്കൂളുകളുടെ സാഹചര്യങ്ങളിലേക്ക് നമ്മുടെ സ്കൂളിനെയും ഉയർത്തുന്നു.
- 2021 മാർച്ചോട്കൂടെ പൂർത്തിയാക്കാവുന്ന രൂപത്തിൽ ലാപ്ടോപ്പുകളും, ടാബുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാൻ ലക്ഷ്യം വെയ്ക്കുന്നു.

7) സാമൂഹ്യ ചുമതലാബോധ ബോധവൽക്കരണ ക്ലാസ്സുകൾ

- വിദ്യാർത്ഥികളിൽ സാമൂഹ്യചുമതലാബോധം വളർത്തുന്നതിനായ് ബോധവൽക്കരണ ക്ലാസ്സുകൾ മലിനീകരണ നിയന്ത്രണബോർഡ്, സ്വച് ഭാരത് മിഷൻ, പാരിസ്ഥിതിക സംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ സംഘടിപ്പിക്കുകയും സാമഹ്യ ചുമതലാബോധം വളർത്തുകയും ചെയ്യുന്നു.

8) കരിയർ ഗൈഡൻസ് ക്ലാസ്സുകൾ

- പൊളിറ്റിക്കൽ സയൻസ് വിഷയത്തിൽ ഉന്നതപഠനം ലക്ഷ്യം വച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
- ജോലിസാധ്യതകൾ മുൻനിർത്തിയുള്ള LLB, Human Rights Studies, International Studies തുടങ്ങിയവയിലേക്കുള്ള വാതായനങ്ങൾ തുറന്നു കൊടുക്കുന്നു.
- സംസ്ഥാന ദേശീയ മത്സര പരീക്ഷകൾക്ക് കുട്ടികളെ സന്നദ്ധരാക്കുക
- 2018 ജൂലൈ ആദ്യവാരം പ്രവർത്തനം ആരംഭിക്കുന്നു.

9) സാമൂഹ്യ-രാഷ്ട്രീയ വിഷയാനുബന്ധ മാസിക

- ആഴ്ചകളോ മാസങ്ങളോ അടിസ്ഥാനപ്പെടുത്തി കുട്ടികളിൽ നിന്നും ശേഖരിക്കുന്ന സൃഷ്ടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാസിക തയ്യാറാക്കുന്നു.

- എല്ലാവർഷവും കുട്ടികളുടെ സൃഷ്ടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൈയ്യെഴുത്ത് മാസികയും വാർഷിക മാസികയും തയ്യാറാക്കുന്നു.

10) ചുവർ മാസിക
- കുട്ടികളിൽ നിന്നും ശേഖരിക്കുന്ന കൃതികളിൽ നിന്നും ഉദാത്ത മായ രചനകൾ ചുവർ മാസികാരൂപത്തിൽ പ്രദർശിപ്പിക്കുന്നു.
- സാമൂഹ്യ - രാഷ്ട്രീയ - സാംസ്കാരിക രചനകൾ ഇത്തരത്തിൽ പ്രദർശിപ്പിക്കാവുന്നതും പുതിയൊരു പഠനാനുഭവം നൽകുവാനും സാധിക്കുന്നു.
- 2018 ജൂലൈ ആദ്യവാരം പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

11) വാർത്താ പ്രദർശന പ്രവർത്തനം
- വിദ്യാർത്ഥികളിൽ, കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ അറി വുണ്ടാക്കുന്നതിനായ് ദിനപത്രങ്ങളിലെ പ്രധാന വാർത്തകൾ ശേഖ രിക്കുകയും ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.
- ദേശീയ ദിനങ്ങൾ, ഓർമ്മദിനങ്ങൾ, തുടങ്ങിയ ഇത്തരം പ്രവർത്ത നത്തിലൂടെ കുട്ടികളിൽ അവബോധം എത്തിക്കാനാവും.

12) കേരള നിയമസഭയിലേക്കൊരു സന്ദർശനം
- നമ്മുടെ സംസ്ഥാനത്തെ നിയമനിർമ്മാണ പ്രക്രിയയെക്കുറിച്ച് അവ ബോധം നൽകാനായ് നിയമസഭാ സന്ദർശനം നടത്തുന്നു.
- ഈ പ്രവർത്തനത്തിലൂടെ വിദ്യാർത്ഥികളിൽ നിയമനിർമ്മാണ പ്രക്രി യയെ കുറിച്ച് ആശയരൂപീകരണം നടത്തുവാൻ സാധിക്കുന്നു.
- ജീവിതാനുബന്ധ പഠനം സാധ്യമാവുന്നു.
- രാഷ്ട്രീയ സംവിധാനങ്ങളോടും സ്ഥാപനങ്ങളോടും ആദരവും ബഹുമാനവും വളർത്തിയെടുക്കുവാൻ ലക്ഷ്യം വയ്ക്കുന്നു.

13) ലക്ഷ്യാധിഷ്ഠിത ഗ്രാമസഭാ സന്ദർശനം
- പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ പറ്റിയും, ജനാധിപത്യ മൂല്യ ങ്ങളെ കുറിച്ചും അറിവ് നൽകുന്നതിനായ് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ സഹായത്തോടെ ഗ്രമാസഭകൾ സന്ദർശിക്കു കയും പങ്കാളിത്ത ജനാധിപത്യത്തെക്കുറിച്ചുള്ള തിരിച്ചറിവിലേക്ക് വിദ്യാർത്ഥികളെ നയിക്കുകയും ചെയ്യുന്നു.
- നല്ല ഭാവി പൗരന്മാരെ വാർത്തെടുക്കാനും മൂല്യാധിഷ്ഠിത വിദ്യാ ഭ്യാസം നൽകാനും പ്രവർത്തനം ഉപകരിക്കുന്നു.

# മോണിറ്ററിംഗ് & ഫിനാൻഷ്യൽ സപ്പോർട്ട്

## മോണിറ്ററിംഗ്

360° മോണിറ്ററിംഗ് - അതായത് കുട്ടികളെ മറ്റ് കുട്ടികളും, ടീച്ചേഴ്സും, രക്ഷാകർത്താക്കളും, സമൂഹവും വിലയിരുത്തുന്നു.

- ജൂൺ മുതൽ മാർച്ച് വരെ

## ഫിനാൻഷ്യൽ സപ്പോർട്ട്

ഇതിന്റെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന ഏജൻസികളിൽ നിന്നും സമാഹരിക്കണം.

1. പി.ടി.എ.
2. പൂർവ്വ വിദ്യാർത്ഥി സംഘടന
3. ത്രിതല പഞ്ചായത്ത്
4. എം.എൽ.എ., എം.പി. ഫണ്ട്